# മഷിപ്പച്ച

ഒരു വ്യാപാരകേരളം പ്രസിദ്ധീകരണം

പുസ്തകം 7 ലക്കം 7 പേജുകൾ 48 ഒക്ടോബർ 2026



പ്രതിഭയുടെ ശരിയുത്തരം

**ഭദ്ര. എസ്**


- സി.ആർ.രാജൻ
- സി.ജി.അശോകൻ
- ബാലചന്ദ്രൻ എം.ആർ
- ശ്രീജ വിജയൻ
- ദർശന
- ബഷീർ മുളിവയൽ
- നിബിൻ കള്ളിക്കാട്
- ദീപ്തി പി.എസ്
- ഹാജറ
- ബീന ബിനിൽ
- താജ് കുഞ്ഞിപ്പാറാൽ
- സജിത് കെ.പി.
- എ.കെ.അനിൽകുമാർ
- ഡോ. സജീവ്കുമാർ
- ഷഫീന സൈത്തൂൻ
- ജയപാലൻ കാര്യാട്ട്
- സതി സതീഷ്
- ബിനോജ് സി.പി.
- കമാൽ റഫീഖ്
- കൃഷ്ണകുമാർ കൊടുമ്പ്
- രാജേഷ് മോഹൻ
- കൈലാസ് ബി.എസ്.

■ തെക്കോട്ടിറക്കം ■ കാർട്ടൂൺ കേരളം ■ കഥ ■ കവിത ■ ലേഖനം

JOS ALLUKKAS

A TRADITION OF FINE JEWELLERY



തൃശ്ശൂരിലെ

31 സുവർണ്ണ വർഷങ്ങൾ

ആഘോഷങ്ങൾ

ഒക്ടോബർ 17

ശനിയാഴ്ച

ഏവർക്കും സ്വാഗതം

ആനിവേഴ്സറി സ്പെഷ്യൽ ഓഫറുകൾ



എല്ലാ പർച്ചേസിനും വിലയേറിയ സമ്മാനങ്ങൾ

— ഒക്ടോ. 17 - 21 —

ഗോൾഡ്

പണിക്കൂലിയിൽ 30% വരെ ഡിസ്കൗണ്ട്

ഡയമണ്ട്സ്

30% ഡിസ്കൗണ്ട്

പ്ലാറ്റിനം

30% പണിക്കൂലിയിൽ ഡിസ്കൗണ്ട്

*T&C Apply

* 0% നഷ്ടമില്ലാതെ എക്സ്ചേഞ്ച്

പഴയ 22KT സ്വർണ്ണാഭരണങ്ങൾ പുതിയ HUID സ്വർണ്ണാഭരണങ്ങളായി മാറ്റി വാങ്ങൂ

ROUND EAST, THRISSUR. PH: 0487-2331812




ഓഫീസ്:
**മഷിപ്പച്ച മാസിക**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com
www.varthakeralam.com
email:
mashippachamasika@gmail.com
vyaparakeralam@gmail.com
varthakeralamdaily @gmail.com
Phone: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**
സ്പെഷൽ കറസ്പോണ്ടന്റ്:
**ഫ്രാങ്കോ ലൂയിസ്**
കറസ്പോണ്ടന്റ്:
**സി. ജി. അശോകൻ**
ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**

ജനാധിപത്യ സംവിധാനത്തിൽ ജനപ്രതിനിധികളെ തെരഞ്ഞെടുക്കുന്ന പ്രക്രിയ അട്ടിമറിക്കപ്പെട്ടു എന്ന സംശയം ബലപ്പെട്ടതും ജനരോഷം അതിന്റെ പൂർണ്ണരൂപം പ്രാപിക്കാൻ തുടങ്ങുന്നതും നമ്മുടെ കൺമുന്നിൽ ഉണ്ട്. വലിയ ഗൂഢാലോചനയും ആസൂത്രിത നീക്കങ്ങളും ഇതിനു പുറകിൽ പ്രവർത്തിച്ചുവെന്ന സംശയവും ശക്തമാണ്.

തീവ്ര വോട്ടർ പട്ടിക പരിഷ്കരണം നടപ്പാക്കിയതിനെ തുടർന്ന് കോടിക്കണക്കിന് വോട്ടർമാർക്ക് വോട്ടവകാശം നിഷേധിക്കപ്പെട്ടതിനെ ലഘുവായിട്ടല്ല സുപ്രീംകോടതിയും പരിഗണിച്ചത്. ഭരണം നില നിറുത്തുന്നതിന് ഇലക്ഷൻ കമ്മീഷനെ കരുവാക്കി എന്ന ആരോപണം തെറ്റെന്ന് തെളിയിക്കേണ്ട ബാധ്യതയും ധാർമിക ഉത്തരവാദിത്വവും ഇലക്ഷൻ കമ്മീഷന് തന്നെയാണ്. ഒഴുക്കൻ ന്യായങ്ങൾ നിരത്തുന്നത് പരിഹാരമാകില്ല.

നീതി നിഷേധം നടന്നുവെന്ന് ആരോപിക്കപ്പെടുന്ന കാര്യങ്ങൾ കമ്മീഷൻ വിശദീകരിക്കണം. അതിന് തയ്യാറാകാതെ പൊതുരംഗത്തുനിന്നും മുങ്ങി നടക്കുന്നത് പ്രശ്ന പരിഹാരമാകില്ല. പ്രതിപക്ഷം ഒറ്റക്കെട്ടായും യുവ ശക്തിയുടെ പ്രതിരൂപമായി മാറിയ കോക്രോച്ച് ജനതാ പാർട്ടി നിഷ്പക്ഷമായും സമര രംഗത്തുണ്ട്. രാജ്യ തലസ്ഥാനത്തും മുംബൈയിലും ബാംഗളൂരും ശക്തമായ ജന മുന്നേറ്റം നടക്കുന്നു. ഗുരുതരമായ അവസ്ഥയാണ് രാജ്യത്ത് ഉരുത്തിരിഞ്ഞിട്ടുള്ളത്.

ജനാധിപത്യം അട്ടിമറിക്കപ്പെടുന്നു എന്ന ആരോപണം ലോകത്തെ പ്രധാന ജനാധിപത്യ ശക്തിയായ ഭാരതത്തിന് പതിച്ചു കൊടുത്ത ദുർഖ്യാതി ചെറുതല്ല. അങ്ങനെ സംഭവിച്ചിട്ടുണ്ടെങ്കിൽ അനിവാര്യമായ തിരുത്തലിന് അധികാരികൾ തയ്യാറാകണം. ഇതുമായി ബന്ധപ്പെട്ട ഗൂഢാലോചനയ്ക്കും ആസൂത്രിത നീക്കങ്ങൾക്കും നേതൃത്വം കൊടുത്തവർ ശിക്ഷിക്കപ്പെടുകയും വേണം.



**സി ആർ രാജൻ**
**എഡിറ്റർ**

## അകത്താളുകളിൽ

### കഥ
ബീന ബിനിൽ ..................... പേജ് 6
താജ് കുഞ്ഞിപ്പാറാൽ............. പേജ് 8
ബിനോജ് സി.പി. ................ പേജ് 34

### അഭിമുഖം
സി ജി അശോകൻ ............... പേജ് 10

### ഓർമ്മക്കുറിപ്പുകൾ
സി.ആർ. രാജൻ ................. പേജ് 15

### ലേഖനം
രാജേഷ് മോഹൻ റാവു......... പേജ് 40
കമാൽ റഫീഖ് .................. പേജ് 42

### കാർട്ടൂൺ
എം.ആർ.ബാലചന്ദ്രൻ ........... പേജ് 5

### കുട്ടികളുടെ മഷിപ്പച്ച
വര, കവിത ....................... പേജ് 44

### കവിത
ശ്രീജ വിജയൻ .................. പേജ് 20
ദർശന ............................. പേജ് 21
നിബിൻ കള്ളിക്കാട്............. പേജ് 22
ബഷീർ മുളിവയൽ .............. പേജ് 23
ദീപ്തി പി.എസ്.................. പേജ് 24
ഹാജറ കെ.എം. ................. പേജ് 25
കെ.പി.സജിത്................... പേജ് 26
എ.കെ.അനിൽകുമാർ ........ പേജ് 27
ജയപാലൻ കാര്യാട്ട് .............. പേജ് 28
ഡോ. പി.സജീവ്കുമാർ ........ പേജ് 29
ഷഫീന സൈത്തൂൻ............ പേജ് 30
സതി സതീഷ് ..................... പേജ് 31
കൃഷ്ണകുമാർ കൊടുമ്പ് ...... പേജ് 32
കൈലാസ് ബി.എസ്. ........... പേജ് 33






എം.ആർ. ബാലചന്ദ്രൻ
9847157398

# തോരാമഴകൾ

കഥ



ബീന ബിനിൽ
9744037990



**കു**ന്നിൻ മുകളിലെ വൃക്ഷത്തലപ്പുകൾക്കിടയിൽനിന്ന് ശക്തമായ കാറ്റോടുകൂടിയ മഴത്തുള്ളികൾ മുഖത്ത് വന്ന് തട്ടിയപ്പോഴാണ് ടീച്ചർ ചിന്തകളിൽ നിന്ന് ഉണർന്നത്. തകർത്തെറിയുന്ന മഴ, എന്തൊരു ശബ്ദം! കഴിഞ്ഞ പ്രളയകാലത്തെ ഓർമിപ്പിച്ചുകൊണ്ടേയിരിക്കുന്നു. ഇനിയും അങ്ങനെ ഒരു പ്രളയം ഉണ്ടാവുമോ? എത്രയോ പാവപ്പെട്ട മനുഷ്യർ എല്ലാം നഷ്ടപ്പെട്ട് അതിജീവനത്തിനായി പരിശ്രമിച്ചുകൊണ്ട് കരകയറി വരുന്നേയുള്ളൂ. പക്ഷേ ഇന്നത്തെ മഴ എത്ര നേരമായി തുടങ്ങിയിട്ട്? പലയിടങ്ങളിലും ഉരുൾപൊട്ടലുകളും മരങ്ങൾ കടപുഴകിയും വെള്ളം ഒലിച്ചുവരുന്നുണ്ട്. ഇതെല്ലാം ടെലിവിഷനിലെ വാർത്തയിൽ നിന്നാണ് അറിഞ്ഞത്.

അടുക്കളയിൽ അമ്മാളു ഓടി നടന്ന് പ്രഭാത കാര്യങ്ങൾ ചെയ്തു തീർക്കുന്നുണ്ട്. ഇടയിൽ “സമയം ആയീട്ടോ ടീച്ചറെ” എന്ന പറച്ചിലും വായുവിൽ പ്രതിധ്വനിക്കുന്നു.

ടീച്ചർ പൂമുഖത്തെ ചാരുകസേരയിൽ ഇരുന്നുകൊണ്ട് പഴയകാലത്തെ ആ തറവാടിന്റെ ഓർമ്മകളിലേക്ക് തിരിഞ്ഞുപോയി. കയ്യാലപ്പുരയോടുകൂടിയ ഓടിട്ട വീട്. പഴയകാലത്തെ വീടിന്റെ പ്രത്യേകത എന്നു പറഞ്ഞാൽ നാല് ദിശകളിലായി വാതിലുകൾ തുറന്ന് പുറത്തേക്ക് പോകാനും അകത്തേക്ക് കയറി വരുവാനും ഉള്ള സൗകര്യങ്ങളോടുകൂടിയ വീടുകളാണ്. ആവശ്യത്തിനനുസരിച്ചുകൊണ്ട് കാറ്റും വെളിച്ചവും വീടുകൾക്ക് ഉള്ളിലൂടെ വാതിലുകളിലൂടെയും ജനവാതിലുകളിലൂടെയും കയറി വരുകയും പോവുകയും പതിവാണ്. ഇന്ന് അങ്ങനെയുള്ള വീടുകൾ കുറവാണ്. ഒരുപാട് പുറകിലേക്ക് പോയി ടീച്ചറുടെ ചിന്തകൾ.

പെട്ടെന്നായിരുന്നു “ടീച്ചറെ” എന്ന് വിളിച്ചുകൊണ്ട് അമ്മാളുവിന്റെ വരവ്. അല്ലെങ്കിലും ടീച്ചറുടെ സ്വപ്നങ്ങൾക്ക് എന്നും അവസ്ഥാന്തരങ്ങൾ ഉണ്ടല്ലോ. അതു പറഞ്ഞുകൊണ്ടായിരുന്നു അവർ വന്നത്. ഇഷ്ടപ്പെട്ട ആഹാരം ദോശയും ഉള്ളിച്ചമ്മന്തിയും അരച്ചുവച്ചിട്ടുണ്ട്. ഇന്ന് നേരത്തെ പോകണം എന്ന് പറഞ്ഞതല്ലേ? എന്നിട്ടും രാവിലത്തെ മഴയെ കണ്ടുകൊണ്ടിങ്ങനെ നിന്നാൽ എങ്ങനെ കോളേജിൽ നേരത്തിന് എത്തും ടീച്ചറെ? അത് ചോദിച്ചതും ടീച്ചറിന്റെ ഫോൺ നിർത്താതെ അടിക്കുന്നു.

അമ്മാളു ഓടിപ്പോയി ഫോൺ എടുത്തുകൊണ്ടുവന്നു. ടീച്ചർ നോക്കിയപ്പോൾ ശ്രീകുമാർ

സാർ ആയിരുന്നു. “ഇന്നത്തെ കാര്യങ്ങൾ എല്ലാം ടീച്ചർ നോക്കിക്കൊള്ളണം. ഇവിടെ മഴയുടെ പ്രശ്നങ്ങളാൽ ഞാൻ കോളേജിൽ എത്താൻ വൈകും.” അപ്പോഴും മഴ പെയ്യുന്നുണ്ടായിരുന്നു.

മഴ പ്രകൃതിയിൽ മാത്രമല്ല പെയ്തുകൊണ്ടിരുന്നത്, മനസ്സിലും. പൂമുഖത്തുനിന്ന് നടുത്തളത്തിലേക്ക് എത്തി ടീച്ചർ അമ്മാളുവിനോട് പറഞ്ഞു. “എന്തായാലും ഞാൻ കുളിച്ചിട്ട് വരാം.” മുറിയിലേക്ക് പോയി. അന്നേരം അമ്മാളു സ്വയം പിറുപിറുത്തു. “അല്ലെങ്കിലും എത്ര സമയം കിട്ടിയാലും ആ പോകുന്ന നേരത്ത് ടീച്ചർക്ക് ഒരു ഓട്ടപ്പാച്ചിലാണ്.” എന്ന് പറഞ്ഞുകൊണ്ട് കൊണ്ടുപോകാനുള്ള ലഞ്ച് എല്ലാം പാത്രത്തിലാക്കി അന്നത്തെ പത്രവും എടുത്ത് വായന തുടങ്ങി.

20 മിനിറ്റുകൾക്കകം ടീച്ചർ റെഡിയായി ആഹാരം കഴിക്കാനായി എത്തി. “അമ്മാളൂ, ഞാനങ്ങ് പഴയകാലം ഓർത്തുപോയി. ഇവിടെയിരുന്നപ്പോൾ അതൊക്കെ എത്ര നല്ലൊരു കാലമായിരുന്നുന്നോ. അന്നത്തെ കാലത്ത് വിശാലമായ ആ പറമ്പിൽ നിറയെ മാവുകളും പ്ലാവുകളും. അതും പല പല രുചികളിലുള്ള മാങ്ങകൾ. മാങ്ങകളുടെ പഴുത്ത മണവും, പച്ചമാങ്ങകൾ താഴെ വീണുപൊട്ടിയ മണവും, കൂടാതെ ഞെട്ടറ്റു വീണ മാങ്ങയുടെ ചുണയുടെ മണവും. അതെല്ലാം ഓർക്കുമ്പോൾ ഇന്നും ആ കാലത്തിലേക്ക് തിരിച്ചുപോകുവാൻ ആയിട്ട് കൗതുകം തോന്നുന്നുണ്ട്. മാത്രമല്ല, ശക്തിയായി കാറ്റും മഴയും ഉള്ള രാത്രിയിൽ നേരം വെളുക്കുവാനായിട്ട് ഞങ്ങൾ എല്ലാവരും കാത്തിരിക്കും, മാങ്ങകൾ കൂടുതൽ പെറുക്കുന്നത് ആര് എന്ന് അറിയുവാനായിട്ട്.” ഇത്രയും പറഞ്ഞു രണ്ടു ദോശയും കഴിച്ച് ടീച്ചർ കോളേജിൽ പോകുവാനായി ഇറങ്ങി.

രാവിലെ ഇളം വെയിൽ കൊണ്ട് നടക്കുകയാ പതിവ്. ചില മഴപ്പാട്ടുകളും മഴക്കവിതകളും മൂളിക്കൊണ്ട് നടന്നു. കുളിർ കാറ്റേറ്റ് കാലാവസ്ഥയുടെ വ്യതിയാനത്തിൽ പല വീടുകളുടെയും ഉമ്മറത്ത് വെറുതെയിരിക്കുന്ന ശിശുക്കൾ തൊട്ട് വൃദ്ധർ വരെയുള്ളവരെ കാണാനിടയായി.

ജീവിതമേ, നീയൊരു തോരാമഴയല്ലയോ? തിമിർത്തട്ടഹസിക്കുമ്പോഴും നഷ്ടങ്ങളുടെ മൂല്യം അറിയാത്ത ഒത്തിരി മനുഷ്യർ ഈ ലോകത്ത് നടക്കുന്നതും ഒന്നാലോചിച്ചാൽ ഭാഗ്യമാണ്.

ഇത്തരം ചിന്തകൾ ടീച്ചറെ വേദനിപ്പിക്കുന്നുണ്ട്. അന്നത്തെ ആ സന്ധ്യയിൽ മഴത്തുള്ളികൾ മണ്ണിൽ വന്നുവീണപ്പോൾ അദ്ദേഹം പറഞ്ഞത്, “ഓ, നമ്മൾ മഴയ്ക്ക് മുമ്പ് ഫ്ലാറ്റിൽ എത്തിയത് നന്നായി, അല്ലെങ്കിൽ നാലുപേരും നനഞ്ഞേനെ.”



പെട്ടെന്ന് തൊട്ടടുത്ത റെയിൽപ്പാളത്തിലൂടെ തീവണ്ടി കടന്നുപോകുന്ന ശബ്ദവും വിറയലും കേട്ടപ്പോഴും ഞാൻ ചിന്തിച്ചതേയില്ലജീവിതത്തിന്റെ നടുപാതയിലൂടെയുള്ള യാത്രയിൽ ആരോ വന്ന് എന്നെപ്പോലെ അദ്ദേഹത്തെ ചേർത്തുപിടിച്ചുകൊണ്ടുപോകുമെന്ന്.

അതാണ് ജീവിതം.

പെയ്തുതീരുമെന്ന് കരുതിയ മഴകൾ പലതും പിന്നെയും പെയ്തുകൊണ്ടേയിരുന്നു. ചിലത് മണ്ണിൽ നനവായി പടർന്നു, ചിലത് ഓർമ്മകളായി മനസ്സിലും.

തോരാത്ത മഴയിൽ നനഞ്ഞുകൊണ്ട്, കുളിർത്തെന്നലായി ഓർമ്മകളിലൂടെ ഒറ്റയ്ക്ക് ഞാൻ കോളേജിന്റെ കവാടം കടന്നു. മുന്നിൽ കാത്തുനിന്നത് പുതിയൊരു ദിവസമായിരുന്നു. പിന്നിലാകട്ടെ, മായാതെ നനഞ്ഞുനിൽക്കുന്ന ഒരുപാട് ഓർമ്മകളും.

# നേർത്തവസാനിക്കുന്ന വിലാപങ്ങൾ



താജ് കുഞ്ഞിപ്പാറാൽ
9497698759

അലാറത്തിന്റെ ശാസനയില്ലാതെ ഒരുപാടു വർഷങ്ങൾക്കു ശേഷമാണ് അബൂഹുറ എഴുന്നേറ്റത്. ആലിയ എപ്പഴേ എഴുന്നേറ്റ് മുറിവിട്ട് തിരക്കുകളിലേക്ക് ഇറങ്ങിക്കഴിഞ്ഞിരുന്നു.

എന്തൊക്കെയോ ബഹളം കേൾക്കുന്നുണ്ട്. വാഹനങ്ങൾ വന്നു പോകുന്നതിന്റെ, ആരൊക്കെയോ ഉറക്കെ സംസാരിക്കുന്നുണ്ട്. എല്ലാവരും ചേർന്ന് എന്റെ മുപ്പതു വർഷത്തെ പ്രവാസം അവസാനിപ്പിച്ചു കൊണ്ടുള്ള തിരിച്ചുവരവ് ശരിക്കും പൊടിപൊടിച്ച് ആഘോഷിക്കാനുള്ള തിരക്കിലാണ്.

ഇതൊന്നും വേണ്ടെന്നു പറയാൻ തുടങ്ങിയപ്പോൾ ആലിയയും മക്കളും വിലക്കുമായി വന്നു. "അബു അതൊന്നും അറിയേണ്ട. അതൊക്കെ ഞങ്ങളുടെ തീരുമാനമാണ്."

ഫത്താഹ് എല്ലാവരുടെയും പ്രതിനിധിയായി അറിയിച്ചു. പിന്നെ എതിർക്കാനൊന്നും പോയില്ല. കുടുംബത്തിന്റെ സന്തോഷമല്ലേ നടക്കട്ടെ എന്നു കരുതി.

ഹുറൈറ ഗേറ്റിനു മുന്നിൽ തന്നെ നിലയുറപ്പിച്ചിരുന്നു. അതിഥികളെ ആദ്യം വരവേൽക്കുന്നത് മൂത്ത മകനായ താൻ തന്നെയായിരിക്കണം എന്ന നിർബന്ധ ബുദ്ധിയോടെ. രണ്ടാ



മൻ ബാസിലാവട്ടെ തോരണങ്ങൾ തൂക്കുന്ന തിരക്കിലും ഇരിപ്പിടങ്ങൾ ഒരുക്കുന്ന തിരക്കിലുമായിരുന്നു. വിഭവങ്ങൾ ഒരുക്കുന്നതിന്റെ ചുമതല അബ്സാറിന്റേതാണ്. ഹമയിൽ യമനിയായ താലിബ് മസൂദും ചേർന്ന് ഹോട്ടൽ നടത്തുന്ന അവന് കാര്യങ്ങളൊക്കെ അറിയാം.

ഇളയമകൾ ഹാദി പെണ്ണുങ്ങളുടെ സൌകര്യങ്ങൾ ഒരുക്കുന്നതിന് പാഞ്ഞു നടക്കുകയാണ്. ദമാസ്കസിൽ നിന്ന് ബയ്ദലേക്ക് യാത്ര ചെയ്തു വന്ന ശേഷം അവൾ വിശ്രമിച്ചിട്ടില്ല. ആ ക്ഷീണം അവളുടെ മുഖത്ത് കനത്ത് നിൽപ്പുണ്ട്.

നേരത്തേ തന്നെ മൂന്ന്നാല് അതിഥികൾ എത്തിയിട്ടുണ്ട്. ഒന്ന് അബ്സാറിന്റെ ഭാര്യാപിതാവ് അബു തൽഹയാണ്. മറ്റു മൂന്നു പേരിൽ രണ്ടാളെ അറിയാം. തൈമൂറും അബൂഫാറയും. നാലാമനെ ഓർക്കുന്നില്ല. അയാളാണ് വെള്ളിപ്പാത്രത്തിലെ കൽക്കരി തീയിൽ ചെറു ഗോളങ്ങളെ ഊതിപ്പെരുപ്പിക്കുന്നത്. മറ്റുള്ളവർ ഷീഷ നേരത്തെ തന്നെ കയ്യിൽ പിടിച്ച് തയ്യാറായി നിൽക്കുകയാണ്.

ദേരയിലെ മുദ്ധസകളിലെ മജ്ലിസുകളിൽ രാത്രികളെ പകൽ പീരങ്ങളാക്കിയ കാലങ്ങൾ എന്റെ ഓർമയിൽ നിറഞ്ഞു. ഹുക്കകളിൽ നിന്ന് വമിഞ്ഞ് ആകാശത്തിലെ നീലമേഘങ്ങളിലേക്ക് രക്ഷപ്പെടുന്ന പുകച്ചുരുളുകൾ. ജീവിതം ഏകാന്തയാത്രയാക്കി മാറ്റിയ അവധൂതന്മാരുടെ നേർക്ക് നാട്യങ്ങളുടെ കുഴഞ്ഞാട്ടവുമായി എത്തുന്ന മൊറോക്കൻ സുന്ദരിമാരുടെ മിന്നൽ പിണരുകൾ. കുശിനിയിലെ ചുട്ടുപഴുക്കുന്ന ചൂടിൽ വെന്തെരിഞ്ഞു പോയ വർഷങ്ങളിലൂടെ താൻ എന്നും കണ്ട കാഴ്ചകൾ.

കൊച്ചു മക്കളുടെ ആവലാതികൾ തീർന്ന മട്ടില്ല. അവർ അവരുടെ ഇഷ്ടപ്പെട്ട ഗ്രാന്റ് മദറെ ചുറ്റിപ്പറ്റി ഒരു ഇൻവിറ്റേഷൻ കാർഡും കയ്യിൽ പിടിച്ച് കുറെ നേരമായി നിൽപ്പുണ്ട്. അതിലെഴുതിയ കാര്യം അവർക്കറിയണം.

ഇത്രയും കാലം ദുബായിൽ കുടുംബത്തിനു വേണ്ടി കഷ്ടപ്പെട്ട എന്റെ തിരിച്ചുവരവ് ആഘോഷമാക്കിക്കൊണ്ട് നടത്തുന്ന വിരുന്നിനുള്ള ക്ഷണപത്രമാണതെന്ന് അവരെ പറഞ്ഞു ഗ്രഹിപ്പിക്കാൻ കുറേ നേരമായി ആലിയ പാട് പെടുന്നു.

വാട്ടമേൽക്കാത്ത റ്റുലിപ് ഇലകളുടെ വെണ്മ പോലെ വാർധക്യം കയറാൻ മടിച്ചു നിൽക്കുന്ന അവളുടെ കവിളുകളുടെ കാന്തി ഞാൻ ഒളിഞ്ഞു നോക്കിയതിനു ഒരു പുഞ്ചിരി സമ്മാനം തന്ന് അവൾ തിരക്കുകളിലേക്ക് കയറിപ്പോയി.

കുട്ടികൾ കുറച്ചു നേരം കൂടി അവിടെ തന്നെ നിന്നു. പിന്നെ പിൻവാതിൽ കടന്ന് മുറ്റത്തേക്ക് ഇറങ്ങി. കുട്ടികളുടെ നിരാശ എന്നെ സങ്കടപ്പെടുത്തി. ഞാൻ എഴുന്നേറ്റു.

ഞാൻ പണ്ടു നട്ട ഓക്ക് മരങ്ങൾക്കും പൈൻ മരക്കാടുകൾക്കുമിടയിലേക്ക് പക്ഷിക്കൂടുകൾ തേടിപ്പോവുകയായിരുന്നു അവർ. ഞാനവരെ പതിയെ പിന്തുടർന്നു.

പെട്ടെന്നാണ് ഒരഗ്നി ഗോളം വന്നു വീണത്. ഒരു കൂറ്റൻ തീ തിരയായി അത് നാലുചുറ്റും ഇരച്ചു കയറി.

മനുഷ്യരുടെ നിലവിളികൾ ഒരു നിമിഷം കൊണ്ട് ഉയർന്നവസാനിച്ചു.

പൈൻ മരക്കാടു തലപ്പുകളിൽ നിന്ന് ചിന്നിച്ചിതറിയ പക്ഷിത്തൂവലുകൾക്കിടയിൽ നിന്ന് എനിക്ക് കിട്ടിയ കത്താതെ അവശേഷിച്ച ക്ഷണപത്രവുമായി ഞാൻ കുട്ടികളെയും തേടി നടന്നു. അവിടെയെങ്ങും അവരില്ലായിരുന്നു.

●

# ദൈവത്തിന്റെ കയ്യൊപ്പ് പതിഞ്ഞ പ്രതിഭ

## ഭദ്ര എസ്/ സി ജി അശോകൻ

തൃശ്ശൂർ ജില്ലയിലെ അവണൂർ മുല്ലക്കൽ വീട്ടിലെ സുമേഷിന്റെയും, ശുഭയുടെയും മകളാണ് ഭദ്ര. എസ്. അച്ഛൻ കൃഷിവകുപ്പിൽ അസിസ്റ്റൻറ് ഡയറക്ടറായി ചാവക്കാട് ജോലി ചെയ്യുന്നു.അമ്മ അഡ്വക്കേറ്റ് ആണ്.. കുറ്റൂർ ഗവൺമെന്റ് ഹൈസ്കൂളിൽ എട്ടാം ക്ലാസിലാണ് ഭദ്ര പഠിക്കുന്നത്. വരടിയം ഗവ.യുപി സ്കൂളിൽ പഠിക്കുമ്പോൾ മുതൽ

ചെറിയ പ്രായത്തിൽ തന്നെ കഥ, കവിത, ചിത്രരചനാ മത്സരങ്ങളിൽ മുതിർന്നവരുമായി മത്സരിച്ചു അവരെയൊക്കെ പിന്നിലാക്കി ഒന്നാം സ്ഥാനം കരസ്ഥമാക്കിയിട്ടുണ്ട്.കേരള വാർത്ത - കാവ്യ മുദ്ര സംസ്ഥാന തല കവിത രചന മത്സരത്തിൽ 800 ഓളം കവിതകൾ ലഭിച്ചതിൽ അന്ന് ഏഴ് വയസ്സുള്ള ഭദ്രയക്ക് മൂന്നാം സ്ഥാനമായിരുന്നു. അറിയപ്പെടുന്ന ഒട്ടേറെ പ്രഗൽഭമതികളെ പിന്നിലാക്കിയാണ് ഭദ്ര പുരസ്കാരം നേടിയത്..

വളരെ ചെറിയ പ്രായത്തിൽ തന്നെ കലാസാഹിത്യ മത്സരങ്ങളിലൂടെയും, പുസ്തകങ്ങൾ പബ്ലിഷ് ചെയ്തും, നൃത്ത വേദികളിൽ തിളങ്ങിയും, ഒരുപാട് പുരസ്കാരങ്ങൾ കരസ്ഥമാക്കിയും ജനങ്ങളുടെ മനസ്സിൽ നിറഞ്ഞു നിന്നവൾ.. ഭദ്ര എസ്.

അന്നത്തെ ചെറു ബാലിക ഇന്ന് എട്ടാം ക്ലാസിൽ എത്തി നിൽക്കുന്നു.. കൈവച്ച കലാസാഹിത്യ മേഖലകളിൽ തൊട്ടതെല്ലാം പൊന്നാക്കിയവൾ..



ദൈവത്തിന്റെ കയ്യൊപ്പ് പതിഞ്ഞ അത്ഭുതപ്രതിഭ.

## ലഭിച്ച പുരസ്കാരങ്ങൾ

സംസ്ഥാന ശിശുക്ഷേമ സമിതി ഒ.എൻ.വി സ്മാരക പുരസ്ക്കാരം,

സുഗതകുമാരി കവിതാ പുരസ്ക്കാരം, മുല്ലനേഴി കാവ്യപ്രതിഭ പുരസ്ക്കാരം, പുലരി ചിൽഡ്രൻസ് വേൾഡ് പുരസ്ക്കാരം, ബാലസാഹിത്യ സമിതി പുരസ്ക്കാരം, അക്ഷരദീപം അഖില കേരള പുരസ്ക്കാരം, എൻ. എൻ കക്കാട് സ്പെഷ്യൽ ജൂറി പുരസ്ക്കാരം, അക്ഷര ശ്രീ പുരസ്ക്കാരം, നീർമാതളം കാവ്യമുദ്ര കവിത പുരസ്കാരം.കൂടാതെ കുറെയധികം മറ്റു പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്

**മഷിപ്പച്ച മാസികയ്ക്ക് വേണ്ടി ഭദ്രയെ അഭിമുഖം ചെയ്യാൻ എഡിറ്റർ സി ആർ രാജൻ ഒരുമിച്ച് ഭദ്രയുടെ വീട്ടിലെത്തി..**



വീടിനകം മുഴുവൻ കളിക്കോപ്പുകളൊ,മറ്റ് ഗൃഹോപകരണങ്ങളോ ആയിരുന്നില്ല..

പുസ്തകങ്ങൾ.., പുരസ്കാരങ്ങൾ .

ഇത്രയും ചെറിയ പ്രായത്തിൽ ആർജ്ജിച്ചെടുത്തത്.

ഭദ്രയോട് ചോദിക്കുന്നതിനു മുൻപ് അമ്മയോടും അച്ഛനോടും ചോദിച്ചു..

ചെറുപ്പത്തിലെ മകളുടെ പ്രതിഭ തിരിച്ചറിഞ്ഞിരുന്നുവൊ ?

മാതാപിതാക്കൾ എന്ന നിലയിൽ നിങ്ങളുടെ കർത്തവ്യം എന്തായിരുന്നു ?

ചെറുപ്പത്തിലെ അവൾക്ക് കളിക്കോപ്പുകൾക്ക് പകരം പുസ്തകങ്ങളായിരുന്നു കൊടുത്തിരുന്നത്. ഒന്നാം ക്ലാസിൽ പഠിക്കുമ്പോൾ മുതൽ അച്ഛൻ സമീപത്തുള്ള വായനശാലയിലേക്ക് കൊണ്ടുപോകുമായിരുന്നു. പുസ്തകങ്ങൾ വായിച്ചു കേൾപ്പിക്കും. പിന്നീട് അവൾ സ്വയം വായിച്ചു തുടങ്ങി..

**ഇനി ചോദ്യം ഭദ്രയോട്...**

എട്ടാം ക്ലാസുകാരിയായ ഭദ്രയുടെ കൈയിൽ സ്വന്തം പേരിൽ ഇറങ്ങിയ മൂന്നാമത്തെ പുസ്തകം എത്തിയിരിക്കുന്നു. ഈ നിമിഷത്തിൽ ഭദ്രയ്ക്ക് തന്നിലെ എഴുത്തുകാരിയോട് എന്താണ് പറയാനുള്ളത്?

ഇനിയും ഇനിയും വായിക്കണം..

കൂടുതൽ എഴുതണം.

**2. "ആനക്കുട്ടി അല്ലാ അന്നക്കുട്ടി" എന്ന കഥയുടെ പേരിൽ തന്നെ ഒരു കൗതുകമുണ്ട്. ഈ പേര് ആദ്യം മനസ്സിൽ വന്നതാണോ, അതോ കഥ എഴുതിക്കൊണ്ടിരിക്കുമ്പോഴാണോ അന്നക്കുട്ടി ആ പേര് സ്വന്തമാക്കിയത്?**

പുസ്തകം എഴുതിയതിനു ശേഷമാണ് പേരിട്ടത്.

**3. അന്നക്കുട്ടിയെക്കുറിച്ച് ഭദ്രയ്ക്ക് പറയാനുള്ളത് എന്താണ്? അവൾ ഭദ്രയുടെ മനസ്സിലുള്ള ഒരു കഥാപാത്രമാണോ, ഭദ്രയ്ക്ക് ചുറ്റുമുള്ള ആരുടെയെങ്കിലും സ്വഭാവമുള്ള കുട്ടിയാണോ?**

മനസ്സിൽ കഥാപാത്രത്തിനെ സങ്കൽപ്പിച്ചിരുന്നു. കൂടാതെ ഇതു വരെയുള്ള ജീവിതാനുഭവങ്ങളും.

**4. ഒരു നോവൽ എഴുതാൻ തുടങ്ങുമ്പോൾ ആദ്യം ഭദ്രയുടെ മനസ്സിൽ വരുന്നത് എന്താണ് ഒരു കഥാപാത്രമോ, ഒരു സംഭവമോ, അതോ ഒരു വാക്കോ?**

ഒരു സംഭവം മനസ്സിൽ കയറി വരും. അതിനു ശേഷം കഥാപാത്രങ്ങളെ സൃഷ്ടിക്കും. അങ്ങനെയാണ് സാധാരണ ചെയ്യാറ്.

**5. കഥയിലെ കഥാപാത്രങ്ങൾ ഭദ്ര പറയുന്നതുപോലെയാണോ പെരുമാറുന്നത്, അതോ ചിലപ്പോൾ അവർ തന്നെ ഭദ്രയെക്കൊണ്ട് കഥ മുന്നോട്ടുകൊണ്ടുപോകുമോ?**

മിക്കസമയത്തും നമ്മൾ തന്നെയാണ് മുന്നോട്ടു കൊണ്ടുപോവുക .നമ്മുടെ കയ്യിൽ നിന്നും കടിഞ്ഞാൺ കൈവിട്ടു പോകരുത്.

**6. മൂന്നാമത്തെ പുസ്തകത്തിലേക്ക് എത്തുമ്പോൾ, ആദ്യം പുസ്തകം എഴുതിയ ഭദ്രയിൽ നിന്ന് ഇപ്പോഴത്തെ ഭദ്രയ്ക്ക് എന്തൊക്കെ മാറ്റങ്ങളാണ് തോന്നുന്നത്?**

സമയമില്ലാത്തതുകൊണ്ട് പൊതുവായന ഇപ്പോൾ കുറവാണ്. നാലാമത്തെ പുസ്തകത്തിന്റെ പണിപ്പുരയിലാണ്..

അതിന്റെ തയ്യാറെടുപ്പിലാണ്.

**7. സ്കൂൾ പഠനവും എഴുത്തും ഒരുമിച്ച് കൊണ്ടുപോകുന്നത് എങ്ങനെയാണ്? പഠിക്കേണ്ട സമയത്താണോ പലപ്പോഴും കഥ എഴുതാനുള്ള ആശയം വരുന്നത്?**

പഠിക്കേണ്ട സമയത്ത് പറ്റില്ല.

അതിന് വേണ്ടി മറ്റു സമയം കണ്ടെത്തേണ്ടതുണ്ട്.

**8. ഒരു ദിവസം എഴുതാൻ ഇരുന്നിട്ട് എഴുതാൻ ഒന്നും കിട്ടാതെ വന്നിട്ടുണ്ടോ? അങ്ങനെയൊരു സമയത്ത് ഭദ്ര എന്താണ് ചെയ്യാറ്?**

അങ്ങനെ ഒരു അവസ്ഥ ഇതുവരെ ജീവിതത്തിൽ ഉണ്ടായിട്ടില്ല..

എല്ലാദിവസവും ഡയറി എഴുതാറുണ്ട്.

**9. ഭദ്രയുടെ കഥകളിൽ വായനയുടെ സ്വാധീനം എത്രത്തോളമുണ്ട്? ഭദ്ര വായിക്കാൻ ഏറ്റവും ഇഷ്ടപ്പെടുന്ന എഴുത്തുകാരോ പുസ്തകങ്ങളോ ഏതൊക്കെയാണ്?**

എനിക്ക് മലയാളത്തിൽ ഇഷ്ടപ്പെട്ട എഴുത്തുകാരികൾ



ഗ്രേസിയും, പ്രിയ എ.എസുമാണ്. കുഞ്ഞുണ്ണി മാഷ്ടെ കവിതകളും ഏറെ പ്രിയപ്പെട്ടതാണ്.

**10. ഒരു കുട്ടി എഴുതുന്ന കഥയും മുതിർന്ന ഒരാൾ എഴുതുന്ന കഥയും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടെന്ന് ഭദ്രയ്ക്ക് തോന്നുന്നുണ്ടോ?**

വ്യത്യാസമുണ്ട് കുട്ടികളുടെ എഴുത്തുകളിൽ

കുട്ടിത്തം കൂടും..

അവർക്ക് ജീവിതാനുഭവങ്ങൾ കുറവാണ



**ഭദ്ര അച്ഛൻ സുമേഷിനും അമ്മ ശുഭക്കുമൊപ്പം**

ല്ലോ.

വലിയവരുടെ രചനകളിൽ അനുഭവങ്ങളുടെ കൂടിച്ചേരലുകളും അതിന്റെ പക്വതയും കാണും.

**11. സാഹിത്യ അക്കാദമി ഹാളിൽ സ്വന്തം പുസ്തകത്തിന്റെ പ്രകാശനം നടക്കുമ്പോൾ, ആറാം ക്ലാസുകാരിയായ ഭദ്രയുടെ മനസ്സിൽ ആദ്യം വന്ന ചിന്ത എന്തായിരുന്നു?**

ഉത്തരം:ജീവിതത്തിലെ ഒരു സാഫല്യ മുഹൂർത്തം ആയിരുന്നു അത്. ഒരു സ്വപ്ന സാക്ഷാത്കാരം. അത് സഫലീകരിക്കുന്നതിനു മുൻ കൈ എടുത്ത മാതാപിതാക്കൾ, അധ്യാപകർ അടക്കമുള്ളവരുടെ പങ്ക് വിസ്മരിക്കാൻ കഴിയില്ല.

**12. പ്രശസ്ത കവി ഡോ. സി. രാവുണ്ണി പുസ്തകം ഏറ്റുവാങ്ങിയ നിമിഷവും സി. ആർ. ദാസ് പുസ്തകത്തെ പരിചയപ്പെടുത്തിയ നിമിഷവുംഭദ്രയ്ക്ക് മറക്കാനാവാത്ത എന്തെങ്കിലും ഒരു നിമിഷമുണ്ടോ ?**

അതെ. ദാസ്മാഷ് പുസ്തകം പരിചയപ്പെടുത്തി.പ്രശസ്ത കവി ഡോ.സി.രാവുണ്ണി

പുസ്തകം ഏറ്റുവാങ്ങി. അഭിമാന മുഹൂർത്തമാണ്. എന്റെ രചനകളുടെ ആദ്യ വായനക്കാരും അവർ തന്നെയാണ്. എന്നും പിന്തുണയായി കൂടെ നിൽക്കുന്നവരും.

**15. ഒരു പുസ്തകം പ്രസിദ്ധീകരിച്ചുകഴിഞ്ഞാൽ എഴുത്തുകാരിയുടെ ജോലി തീരുകയാണോ, അതോ വായനക്കാരുടെ അഭിപ്രായം കേൾക്കുന്നതോടെയാണ് മറ്റൊ**

**രു യാത്ര തുടങ്ങുന്നതെന്ന് ഭദ്രയ്ക്ക് തോന്നുന്നുണ്ടോ?**

വായനക്കാർ വായിച്ച് അനുഭവം പങ്കുവയ്ക്കുമ്പോൾ നമുക്ക് തിരുത്തലുകൾ ബോധ്യപ്പെടും..

കുറേക്കൂടി അതിൽ ഉൾക്കൊള്ളിക്കാമായിരുന്നു എന്നുകൂടി ചിലപ്പോൾ തോന്നലുകൾ വരാറുണ്ട്.

**14. ഭദ്രയുടെ പുസ്തകം വായിക്കുന്ന ഒരു ആറാം ക്ലാസുകാരൻ അല്ലെങ്കിൽ ആറാം ക്ലാസുകാരി, "എനിക്കും എഴുതണം" എന്ന് പറഞ്ഞാൽ ഭദ്ര അവരോട് ആദ്യം പറയുന്ന ഒരു കാര്യം എന്തായിരിക്കും?**

ധാരാളം വായിക്കൂ..എഴുതിയേ തീരൂ എന്ന അവസ്ഥയിൽ മാത്രം എഴുതുക .

**15. കഥ എഴുതുമ്പോൾ ഭദ്ര ഒരിക്കലെങ്കിലും സ്വന്തം ജീവിതത്തെ കഥാപാത്രങ്ങളിലൂടെ കാണാൻ ശ്രമിച്ചിട്ടുണ്ടോ ?**

സാധാരണ ഞാൻ എന്റെ എഴുത്തിൽ എന്റെ ജീവിതാനുഭവങ്ങൾ കൂടി പങ്കു വയ്ക്കാറുണ്ട് .എന്റെ ആത്മാംശം എല്ലാ എഴുത്തിലും ഉണ്ടായിരിക്കും.

കഥാപാത്രങ്ങളുടെ പേരുമാറ്റം മാത്രമായിരിക്കും എഴുത്തിലൂടെ സംഭവിക്കുന്നത്.

**16. എഴുത്ത് ഭദ്രയ്ക്ക് ഒരു വിനോദമാണോ, അതോ മനസ്സിലുള്ള കാര്യങ്ങൾ മറ്റുള്ളവരോട് പറയാനുള്ള ഒരു വഴിയാണോ?**

വിനോദമായി തോന്നിയിട്ടില്ല നമ്മുടെ മനസ്സിലുള്ള കാര്യങ്ങൾ ഭാവനയിൽ കണ്ടെത്തുന്ന വിഷയങ്ങൾ സ്വന്തം വിചാരവിചാരങ്ങൾ പകർത്തി വയ്ക്കുക അതാണ് എനിക്ക് എഴുത്ത്.

**17.ഭദ്രയുടെ പുസ്തകം വായിച്ച ഒരാൾ പുസ്തകം അടച്ചുവെക്കുമ്പോൾ അയാളുടെ മനസ്സിൽ എന്തെങ്കിലും ഒരു ചിന്ത ബാക്കി നിൽക്കണം എന്ന് ഭദ്ര ആഗ്രഹിക്കുന്നുണ്ടോ?**

ആഗ്രഹിക്കാറുണ്ട് അങ്ങനെയാണെങ്കിലേ ആ പുസ്തകത്തിന് വിജയം ഉണ്ടാകൂ..

**18.ഇനി എഴുതാനുള്ള കഥകൾ ഭദ്രയുടെ മനസ്സിൽ നേരത്തേ തന്നെ വന്നുതുടങ്ങിയോ? അടുത്ത പുസ്തകത്തിൽ എന്തുതരം ലോകത്തേക്കാണ് വായനക്കാരെ കൊണ്ടുപോകാൻ ആഗ്രഹിക്കുന്നത്?**

അടുത്ത പുസ്തകത്തിന്റെ തയ്യാറെടുപ്പുകൾ തുടങ്ങി. ചെറുകഥാസമാഹാരമാണ് ഉദ്ദേശിക്കുന്നത്.

**19. കഥകളി, മോഹിനിയാട്ടം, ഓട്ടൻതുള്ളൽ ഒക്കെ പഠിക്കുന്നുണ്ടെന്ന് അറിഞ്ഞു. ചെറുപ്പത്തിൽ തന്നെ പഠനം ആരംഭിച്ചുവൊ ?**

മൂന്നാം വയസ്സു മുതൽ അമലയിൽ ഉള്ള കുട്ടൻ മാസ്റ്ററാണ് ഭരതനാട്യവും മോഹിനിയാട്ടവും പഠിപ്പിച്ചു വരുന്നത്.

അമ്പലത്തിൽ ഓട്ടംതുള്ളൽ കണ്ടപ്പോഴാണ് അത് പഠിക്കാനുള്ള ആഗ്രഹം മനസ്സിൽ ഉടലെടുത്തത്..

വരടിയം സ്കൂളിൽ പഠിക്കുമ്പോഴാണ് കഥകളി പഠിക്കാൻ

തുടങ്ങിയത്.കഥകളിയിലെ ഗുരുനാഥൻ ഡോ. പാഴൂർ ദാമോദരനാണ്.

ഓട്ടൻതുള്ളലിന്റെ ആശാൻ മണലൂർ ഗോപിനാഥ് ആണ്.

**20.ചിത്രരചന.. ഓയിൽ പെയിൻറിംഗ് പഠിക്കാൻ പോകുന്നുണ്ടോ ?**

നന്നായി വരക്കുന്നുണ്ടല്ലോ.. പ്രത്യേകമായി പോകുന്നില്ല.. വരയ്ക്കാനുള്ള സംവിധാനം വീട്ടിൽ മാതാപിതാക്കൾ ചെയ്തുതരും..

**21. ഒരു ദിവസം വലിയൊരു എഴുത്തുകാരിയാകണമെന്നാണോ ഭദ്രയുടെ സ്വപ്നം, അതോ ഇപ്പോൾ സ്വപ്നം കാണുന്നതിനെക്കാൾ കഥകൾ എഴുതിക്കൊണ്ടിരിക്കാനാണോ ഇഷ്ടം?**

വലിയൊരു എഴുത്തുകാരി ആകാനാണ് ആഗ്രഹം. അതിലുപരി കേരളത്തിലെ വനിതാ മുഖ്യമന്ത്രി ആകണമെന്ന് സ്വപ്നമുണ്ട്.

കേരളത്തിൽ വനിതകളെ മുഖ്യമന്ത്രി പദത്തിലേക്ക് മനപ്പൂർവ്വം തഴയപ്പെട്ടതായി തോന്നുന്നു.

ഈ പ്രായത്തിൽ മറ്റൊരു കുട്ടിയും കാണാത്ത സ്വപ്നമാണ് ഭദ്രയുടെ മനസ്സിലുള്ളത്.ഇതുവരെ കേരളത്തിൽ ഒരു വനിത

മുഖ്യമന്ത്രി ഇല്ലാത്തതിന്റെ,അർഹത ഉണ്ടായിട്ടും മാറ്റി നിർത്തിയതിന്റെ വേദന

ആ കുട്ടിയുടെ മനസ്സിലുണ്ട്.എന്തായാലും ഭദ്രയുടെ സ്വപ്നം പൂവണിയട്ടെ. അത് നമ്മുടെ സംസ്ഥാനത്തിന്റെ കൂടി നേട്ടമാകട്ടെ..

ഭദ്രക്കുട്ടിക്കും മാതാപിതാക്കൾക്കും എല്ലാവിധ ആശംസകളും നേർന്നുകൊണ്ട് ഞങ്ങൾ പടിയിറങ്ങി.

# നേപ്പാൾ സ്റ്റോറി :



തെക്കോട്ടിറക്കം

ഓർമ്മക്കുറിപ്പുകൾ- 3

സി.ആർ. രാജൻ
9447189032

# മഞ്ഞുമല വീഴുമ്പോൾ

**പ്രായം കൂടുതലുണ്ടെന്ന് സ്വയം സമ്മതിക്കാത്ത യാത്രികരായിരുന്നു അവർ മധ്യകേരളത്തിൽ നിന്നുള്ള പതിമൂന്നു പേർ, രണ്ട് ടീനേജേഴ്സും. മുഖ്യ ലക്ഷ്യം നേപ്പാൾ. കാഠ്മണ്ഡു കടന്ന് തൃശൂലി നദീത്തടവും സാധിക്കുമെങ്കിൽ ടിബറ്റൻ അതിർത്തി വരെയും പോകണമെന്ന് ആഗ്രഹിച്ചവർ. കൂട്ടത്തിൽ രണ്ടു പേരുടെ ബിസിനസ് താൽപ്പര്യങ്ങൾക്കനുസൃതമായി യാത്ര പുറപ്പെടുന്നത് ഒരു ദിവസം നീട്ടി. അതോടെ പതിനഞ്ചു പേരുടെ ജീവിതം നീട്ടി കുറിക്കപ്പെട്ടു. അതേക്കുറിച്ച്...**

It is good to have an end to journey toward:
But it is the journey that matters, in the end.

Ursula K Le Guin
ഉർസുല ക്രോബർ ലെ ഗ്വിൻ
(അമേരിക്കൻ എഴുത്തുകാരി)

**ചി**ല യാത്രകൾ അങ്ങനെയാണ്. കണക്കുകൾ തെറ്റും. ലക്ഷ്യം അനിർവചനീയമായേക്കും. തുടക്കം സമ്മാനിച്ച ഉത്ക്കർഷങ്ങൾ തുടച്ചു മാറ്റപ്പെട്ടേക്കാം. ശുഭ പര്യവസായിയായ യാത്ര എന്നത് ആഗ്രഹമായി ശേഷിക്കുന്നതും സംഭാവ്യം. ഓരോ യാത്രയ്ക്കും ഒടുവിൽ പ്രസക്തമാകുന്നത് യാത്ര മാത്രമാകും.

മുറിക്കകത്തിരുന്ന് ജനലിലൂടെ ലോകം കാണുന്നവരുണ്ട്. മുറ്റത്തിറങ്ങിയും ലോകം കാണാം. മുറ്റം കടന്ന്, പാതകൾ താണ്ടി, ദേശങ്ങൾ കണ്ടറിഞ്ഞ് ഓർമ്മച്ചെപ്പിൽ ചിത്രങ്ങൾ സൂക്ഷിക്കുന്നവരും അനേകം. ഒരാൾ കാണുന്ന ലോകമല്ല മറ്റൊരാൾക്ക് അനുഭവമാകുന്നത്. മോട്ടോർ സൈക്കിൾ റിക്ഷകൾ, കുതിര വണ്ടി, സൈക്കിൾ റിക്ഷാക്കാർ, ചുമട് ചുമക്കുന്ന കഴുത, രാപ്പകലെന്യേ കത്തിയമരുന്ന ചുടലകൾ, ഇടുങ്ങിയ തെരുവുകളിലെ രാത്രി, സമാന്തര റെയിൽപാളങ്ങൾ, റൺവേകളിൽ ഇറങ്ങി കിതക്കുന്ന വിമാനങ്ങൾ, അരുവികളിലെ നീരൊഴുക്കിൽ അലമ്പി വെളുക്കുന്ന വസ്ത്രങ്ങൾ, യാത്രയ്ക്ക് തടസ്സമാകുന്ന സിഗ്നലുകൾ...

എല്ലാം ഒരാളിൽ നിന്നും മറ്റൊരാളിലേക്ക് പകർന്നു നൽകുന്നത് ഒരുപോലെ ആകണമെന്നില്ല. പ്രത്യേകിച്ച് യാത്രയ്ക്ക് തടസ്സം നിൽക്കുന്ന സിഗ്നലുകൾ.

ആ യാത്രയിൽ ആണും പെണ്ണുമായി ഞങ്ങൾ 15 പേരുണ്ടായിരുന്നു. രണ്ട് ടീനേജേഴ്സ് ഒഴികെ എല്ലാവരും സിക്സ്റ്റി പ്ലസ്. ചെറുപ്പം വിടാതെ കാക്കാൻ പണിപ്പെടുന്നവർ. രാവിലെയും വൈകീട്ടും നടത്തം നിർബന്ധം. ഇരുന്നും നിന്നും കിടന്നും മുട്ടു മടക്കിയും നിവർത്തിയും മറ്റ് അഭ്യാസങ്ങളും മുടക്കമില്ലാതെ നടത്തണമെന്ന് വാശിയുള്ളവർ.

ആറുമാസം മുൻപേ പദ്ധതി ഇട്ടതാണ് ഈ ദീർഘ യാത്ര മുഖ്യ ലക്ഷ്യം നേപ്പാൾ.

ലക്നോയിൽ ഫ്ലൈറ്റ് ഇറങ്ങിയത് തിരുവോണ തലേന്ന് ഉച്ചതിരിഞ്ഞ് നാലിന്. രാത്രി വൈകും വരെ ലക്നോ കണ്ടു. അന്നവിടെ തങ്ങി, തിരുവോണ ദിനം രാവിലെ നേരത്തെ പുറപ്പെടുക എന്നതായിരുന്നു പദ്ധതി. അയോധ്യ കണ്ട് നേരെ നേപ്പാളിലേക്ക്. തിരുവോണ ദിനം രാവിലെ തന്നെ തയ്യാറായി കിടന്നിരുന്ന ട്രാവലറിൽ ഞങ്ങൾ 15 പേരും കയറി. പോകും വഴിയിൽ അയോധ്യ ക്ഷേത്രവും കാണുക എന്നേ ഞങ്ങൾക്കുണ്ടായിരുന്നുള്ളൂ. മുഖ്യലക്ഷ്യം നേപ്പാൾ തന്നെ. പുലർന്നപ്പോൾ തന്നെ പുറപ്പെട്ടെങ്കിലും അയോധ്യയിലെത്തിയത് ഉച്ചയ്ക്ക്.

അയോധ്യ നഗരത്തിൽ നിന്നും ക്ഷേത്ര

ത്തിലേക്ക് അരമണിക്കൂർ യാത്രയുണ്ട്. ട്രാവലർ അടക്കമുള്ള വലിയ വാഹനങ്ങൾ അവിടേക്ക് പോകില്ല. ഇടുങ്ങിയ വഴികളാണ് ക്ഷേത്രത്തിലേക്ക്. അതിനാൽ ഓട്ടോറിക്ഷകളിൽ മാത്രമേ യാത്ര സാധ്യമാകൂ. മുഖാമുഖം ആറേഴു പേർക്ക് ഒരേസമയം ഇരിക്കാവുന്ന റിക്ഷകളാണ് അധികവും. രണ്ടുമൂന്ന് റിക്ഷകളിലായി ഞങ്ങൾ ക്ഷേത്രത്തിലേക്ക് പുറപ്പെട്ടു. ക്ഷേത്രദർശനം പക്ഷേ എളുപ്പമായിരുന്നില്ല. തട്ടിയും ഉലഞ്ഞുമുള്ള യാത്ര ചെന്നെത്തിയത് നീണ്ട ക്യൂവിനു മുന്നിൽ. ഞങ്ങളെ ട്രാവലറിൽ തിരിച്ചെത്തിക്കാം എന്നായിരുന്നു റിക്ഷാക്കാരുമായുള്ള കരാർ. അവർ അവിടെ ഞങ്ങളെ കാത്തു നിന്നു. ക്യൂവിനവസാനം സെക്യൂരിറ്റി ചെക്കിങ്. തോൾ ബാഗുകളും സ്കാൻ ചെയ്യണം. ഇതെല്ലാം കഴിഞ്ഞ് അകത്ത് പ്രവേശിച്ചാൽ ഷൂ അഴിച്ച് ബന്ധപ്പെട്ടവരെ ഏൽപ്പിക്കണം. നട്ടുച്ച നേരത്താണ് ഞങ്ങൾ അയോധ്യയിൽ എത്തുന്നത്. ചുട്ടുപൊള്ളുന്ന ചൂട്. കല്ലുപതിച്ച നിലത്ത് ഷൂവില്ലാതെ നടക്കുക ഞങ്ങൾക്ക് അസാധ്യമായിരുന്നു. അതിനാൽ തന്നെ ക്ഷേത്രത്തിന് അരികെ ചെല്ലാതെ തിരിച്ചു പോകാം എന്ന് ഞങ്ങൾ തീരുമാനിച്ചു . അവിടെ നിന്നാൽ കാണാവുന്ന ക്ഷേത്രത്തിന്റെ മുകൾ ഭാഗവും മകുടവും മാത്രം മനസ്സിൽ പതിച്ചുകൊണ്ട് മറ്റൊരു വഴിയെ ഞങ്ങൾ പുറത്ത് കടന്നു.

റിക്ഷകൾ ഞങ്ങളെ കാത്തു നിൽക്കുന്നുണ്ടായിരുന്നു. ട്രാവലറിനടുത്ത് തന്നെ അവർ ഞങ്ങളെ എത്തിച്ചു. ലഘു ഭക്ഷണവും കഴിഞ്ഞ് നേരെ നേപ്പാൾ ബോർഡറിലേക്ക് യാത്ര തിരിച്ചു.

ആറേഴു മണിക്കൂർ യാത്രയുണ്ട് അയോധ്യയിൽ നിന്നും നേപ്പാൾ ബോർഡറിലേക്ക്. സന്ധ്യയ്ക്ക് മുൻപ് ചെന്നെത്തുന്നതാണ് ഉചിതം. വൈകിയാൽ പ്രവേശനാനുമതിക്ക് കൂടുതൽ പ്രയാസം നേരിടും. അതിനാൽ ഇടയ്ക്ക് തങ്ങേ


SUNDAY ദീപിക OCTOBER 04, 2026

നേപ്പാളിൽ മഞ്ഞുമല വീണപ്പോൾ

നേപ്പാൾ യാത്ര ദീപികയിൽ പ്രസിദ്ധീകരിച്ചത്

ണ്ടതില്ലെന്ന് ഞങ്ങൾ തീരുമാനിച്ചു. യാത്ര തുടർന്നു.

നേപ്പാളിന്റെയും ഇന്ത്യയുടെയും അതിർത്തിയാണ് സോനാലി. ഇരുവശത്തുമായി ഇന്ത്യയും നേപ്പാളും. ബോർഡറിൽ എത്തുന്നതിനു മുൻപേ ചില അശുഭ സൂചനകൾ ഞങ്ങൾക്ക് ലഭിച്ചു തുടങ്ങിയിരുന്നു. ബോർഡർ എത്തും വരെ ഇന്ത്യൻ സിം മൊബൈൽ ഫോണിൽ ആക്ടീവ് ആയിരുന്നു. അതിനാൽ ചാനൽ വാർത്തകളും ഓൺലൈൻ ക്ലിപ്പിംഗുകളും ഞങ്ങൾക്ക് കിട്ടികൊണ്ടിരുന്നു.

നേപ്പാളിലെ ഏതോ പുഴയിൽ എന്തോ സംഭവിച്ചിരിക്കുന്നു. ജലം ഉയരുന്നു തുടങ്ങിയ കേരള വാർത്തകളാണ് വന്നുകൊണ്ടിരുന്നത്.

എന്നാൽ സോനാലി ബോർഡർ ശാന്തമായിരുന്നു. പ്രത്യേകിച്ചൊന്നും സംഭവിച്ചിട്ടില്ലാത്ത മട്ടിൽ എല്ലാം പതിവു പോലെ. ആളുകളും വാഹനങ്ങളും ബോർഡർ കടക്കുവാനുള്ള കാത്തു നിൽപ്പ് തുടരുന്നു. ട്രാവലറിൽ നിന്നും ഞങ്ങളുടെ എല്ലാ ബാഗുകളും പുറത്തിറക്കി സ്കാനർ സംവിധാനത്തിൽ വെച്ചു കൊടുക്കേണ്ടതുണ്ടായിരുന്നു. മുപ്പതിലേറെ പെട്ടികൾ പുറത്തിറക്കുന്നതും സ്കാൻ ചെയ്യുന്നതിന് കൊടുക്കുന്നതും വലിയ പ്രയാസം തന്നെയായിരുന്നു. സ്കാനിങ് കഴിഞ്ഞാൽ ഇ

## നേപ്പാൾ പ്രളയം ബാക്കിപത്രം

**നേപ്പാൾ പ്രളയം 2026 ആഗസ്റ്റ് 26**

**കാരണം:** നേപ്പാൾ, ടിബറ്റൻ അതിർത്തിക്കടുത്തുണ്ടായ ഹിമപാതം

| | |
|---|---|
| **മരണം:** | 1410 |
| **കാണാതായവർ:** | 6145 |
| **രക്ഷപ്പെടുത്തിയത്:** | 13756 പേർ |

**കൂടുതൽ മൃതദേഹങ്ങൾ കണ്ടെടുത്ത ജില്ലകൾ:**

| | |
|---|---|
| ചിത്വാൽ: | 364 |
| ഈസ്റ്റ് നവൽപരസി: | 232 |
| വെസ്റ്റ് നവൽപരസി: | 222 |
| നുവാകോട്ട്: | 203 |
| റസുവ: | 199 |



തത്രയും ട്രാവലറിൽ വീണ്ടും കയറ്റി വെക്കുകയും വേണം. അതിനിടയിൽ പരിശീലനം ലഭിച്ചിട്ടുള്ള ശ്വാനൻമാരെ കൊണ്ടുവന്ന് വാഹനത്തിനകത്ത് പരിശോധനയും നടന്നു. ഇതത്രയും നടന്നത് ഇന്ത്യൻ ബോർഡറിലാണ്. നേപ്പാൾ ബോർഡറിൽ പ്രവേശനാനുമതിക്ക് രേഖകൾ കൈമാറി കാത്തുനിൽക്കുമ്പോൾ ഇരുട്ടി തുടങ്ങിയിരുന്നു. അന്നേരം കൂടുതൽ ചിത്രങ്ങൾ മൊബൈൽ ഫോണുകളിൽ കിട്ടിത്തുടങ്ങി. അത് ഞങ്ങളെ തീർത്തും തളർത്തുന്നവയായിരുന്നു. പ്രതീക്ഷിച്ചതിനേക്കാൾ തീവ്രതയാർന്ന ഒരു പ്രളയം സംഭവിച്ചിട്ടുണ്ട് എന്ന അറിവ് ഞങ്ങളെ തീർത്തും ആശയ കുഴപ്പത്തിലാക്കി. നേപ്പാളിലെ ഞങ്ങളുടെ പ്രധാന ലക്ഷ്യം കാത്മണ്ടു ആണ്.

നേപ്പാൾ - തിബറ്റ് അതിർത്തിയിലെ തൃശ്ശൂലി, നാരായണി നദികളിലാണ് പ്രളയമുണ്ടായിരിക്കുന്നത് എന്നാണ് പ്രാഥമിക വിവരം. മഞ്ഞുമല ഇടിഞ്ഞെന്നും മറ്റെന്തോ കാരണമാണെന്നും ഒക്കെ സ്ഥിരീകരിക്കാത്ത റിപ്പോർട്ടുകൾ കിട്ടി. അപ്പോഴൊക്കെയും അതിതീവ്രത എന്ന ആശങ്ക ഞങ്ങൾക്ക് ഉണ്ടായതേയില്ല. സൊനാലി ബോർഡറിലെ കാഴ്ചകൾ ദുരന്ത സൂചനകൾ ഒന്നും നൽകുന്നതായിരുന്നില്ല. അസാധാരണ വ്യഗ്രത ആരിലും കണ്ടില്ല.

പ്രവേശനാനുമതി ലഭിച്ചതിനുശേഷം ഇനി എന്ത് വേണം എന്ന ആലോചനയിലായി ഞങ്ങൾ.

തൽക്കാലം ബോർഡർ നഗരമായ ലുംബിനിയിൽ താമസിക്കാമെന്നും നേരം പുലർന്ന് യാത്ര തുടരാമെന്നും ഞങ്ങൾ തീരുമാനിച്ചു. എന്നാൽ രാത്രിയിൽ തന്നെ കൂടുതൽ ചിത്രങ്ങൾ ഞങ്ങൾക്ക് ലഭ്യമായി തുടങ്ങി.

നേപ്പാൾ സിം ഞങ്ങളിൽ ചിലർ എടുത്തിരുന്നു. അതിലേക്ക് കിട്ടിക്കൊണ്ടിരുന്ന വാർത്തകൾ ഭീതിജനകമായ വിധം ആശങ്കപ്പെടുത്തുന്നതായിരുന്നു. വീടുകൾ ഒലിച്ചു പോയെന്നും ജലം ക്രമാതീതമായി ഉയരുകയാണെന്നും സൂചനകൾ ലഭിച്ചു.

ഞങ്ങളുടെ പ്രധാന ലക്ഷ്യസ്ഥാനമായിരുന്ന കാത്മണ്ഡു യാത്ര സാധിച്ചേക്കില്ല എന്ന് ഞങ്ങൾക്ക് ബോധ്യമായി..

നിരാശ പകർന്ന ഒരു കാളരാത്രി ആയിരുന്നു ഞങ്ങൾക്ക് അത്. കാത്മണ്ഡുവിലേക്ക് റോഡ് മാർക്ഷമുള്ള യാത്ര നിരോധിച്ചെന്നും അറിവ് ലഭിച്ചു. എങ്കിലും ഞങ്ങൾ പ്രതീക്ഷ കൈവിട്ടില്ല. പുലരുമ്പോൾ എല്ലാം ശാന്തമായേക്കാം എന്നും യാത്രാനുമതി ലഭിച്ചേക്കാം എന്നും ഞങ്ങൾ പ്രതീക്ഷിച്ചു.

കാത്മണ്ഡു ഒഴിവാക്കി ഞങ്ങളുടെ യാത്ര റീ ഷെഡ്യൂൾ ചെയ്യേണ്ടതുണ്ട് എന്ന് പുലർന്നപ്പോൾ തന്നെ ഞങ്ങൾക്ക് മനസ്സിലായി. രാത്രി സംഭവിച്ചതത്രയും മനസ് കലക്കുന്നവയായിരുന്നു. കെട്ടിടങ്ങളുടെ അടിത്തറയിളകി ചെരിയുന്നു, ചെറിയ വീടുകൾ അപ്പാടെ ഒലിച്ചു പോകുന്നു. ആളുകൾ ഒഴുകി പോകു



ന്നു, വാഹനങ്ങൾ ഒഴുക്കിൽ പെട്ടിരിക്കുന്നു എന്നിങ്ങനെ വാർത്താ ക്ലിപ്പുകൾ ഫോണിൽ നിറഞ്ഞു. എത്ര പേർ പ്രളയത്തിൽ അകപ്പെട്ടു എന്നതിനെക്കുറിച്ച് അവ്യക്തത തുടരുന്നു.

ഞങ്ങളെ അത്ഭുതപ്പെടുത്തിയ മറ്റൊരു യാഥാർത്ഥ്യം, രാജ്യത്ത് സംഭവിച്ച ഒരു വലിയ വിപത്തിലും ലുംബിനിയിലെ ജനജീവിതം സാധാരണ നിലയിലായിരുന്നു എന്നതത്രേ. വർത്തമാന പത്രങ്ങൾ ലുംബിനി നഗരത്തിൽ ലഭ്യമായിരുന്നില്ലെന്നതും ഞങ്ങളിൽ ആകാംക്ഷ ഉളവാക്കി. ആ ദിവസത്തിന്റെ പ്രത്യേകത മാത്രം ആയിരുന്നില്ല അത്. എന്നും ഇതാണ് സ്ഥിതി. വർത്തമാന പത്രം എന്തെന്ന് അറിയാത്തവരത്രേ ലുംബിനി നഗരവാസികളിൽ ഏറെയും.

ഇന്ത്യൻ മാധ്യമങ്ങളുടെ അപ്ഡേറ്റുകളിൽ നിന്നുമാണ് ഞങ്ങൾ സ്ഥിതി ഗതികൾ മനസിലാക്കിയത്.

സന്ദർശനത്തിന് ഞങ്ങൾ പദ്ധതി ഇട്ടിരുന്ന പ്രദേശങ്ങളാണ് പ്രളയത്തിൽ മുങ്ങിപ്പോയത്. ഈ അറിവ് നിരാശയോടൊപ്പം ആശ്വാസവും ഞങ്ങളിൽ പകർന്നു നൽകി. ഒരു ദിവസം മുന്നേ യാത്ര തിരിച്ചിരുന്നുവെങ്കിൽ...

നിരാശ മറച്ചുവെച്ചുകൊണ്ട് ഞങ്ങൾ അങ്ങനെയൊക്കെ പരസ്പരം സംസാരിച്ചു. സാഹസികത മനസ്സിൽ സൂക്ഷിച്ചിരുന്ന ചിലർ എന്നിട്ടും പിന്മാറേണ്ടതില്ല എന്ന നിലപാടിൽ ആയിരുന്നു. പറ്റുന്നിടത്തോളം യാത്ര തുടരാം എന്ന ശാഠ്യം ഇവർക്ക് ഉണ്ടായിരുന്നു. അത് പക്ഷേ അംഗീകരിക്കപ്പെട്ടില്ല. കൂടുതൽ പേർ അനുകൂലിക്കാതിരുന്നതിനാൽ കാത്മണ്ഡു യാത്ര ഒഴിവാക്കാൻ ഞങ്ങൾ തീരുമാനിച്ചു. ആ കാളരാത്രി ഞങ്ങളുടെ യാത്രാ പദ്ധതിയെ തകിടം മറിക്കുന്നതായിരുന്നു. സീനിയർ സിറ്റിസൺസ് ആണെങ്കിലും കുറച്ചൊക്കെ സാഹസികത മനസ്സിൽ സൂക്ഷിക്കുന്നവർ ആകയാൽ മുന്നോട്ടുപോയേക്കാം എന്ന ചിന്തയ്ക്ക് കടിഞ്ഞാണിടുന്നതിന് യാത്രാ നിരോധനവും കാരണമായി. റോഡ് മാർക്ഷമുള്ള യാത്ര നിരോധിക്കപ്പെട്ടിരുന്നു. പ്രളയത്തിൽ മുങ്ങി കിടക്കുന്ന പാലങ്ങൾ യാത്രയ്ക്ക് തടസ്സമായിരുന്നു. എത്ര ദിവസം ഈ നില തുടരുമെന്ന് പറയാനാകില്ല. കാത്മണ്ഡു ഒഴിവാക്കി യാത്ര റീഷെഡ്യൂൾ ചെയ്യേണ്ടതുണ്ട് എന്ന് ഞങ്ങൾക്ക് ബോധ്യമായി

കാത്മണ്ഡു കടന്ന് ടിബറ്റൻ അതിർത്തി വരെ പോകണമെന്ന ആഗ്രഹം കുത്തൊഴുക്കിൽ പെട്ടിരിക്കുന്നു.

പ്രളയത്തിൽ മരിച്ചവരുടെ കൃത്യമായ കണക്കുകൾ ഇതെഴുതുമ്പോഴും ലഭ്യമല്ല. ആയിരങ്ങളെ കാണാതായിട്ടുമുണ്ട്. ഗ്രാമങ്ങൾ പലതും തുടച്ച് നീക്കപ്പെട്ടു. ജലവൈദ്യുത തുരങ്കങ്ങൾ തടസ്സപ്പെട്ടു. പാലങ്ങളും റോഡുകളും തകർന്നു. ടിബറ്റൻ ബോർഡറിലെ ലാങ്ങ് ടാങ് ലിറുങ് കൊടുമുടിയുടെ മുകളിൽ ഹിമാനിയുടെ ഭാഗിക തകർച്ചയത്രേ ഭീകര പ്രളയത്തിന് നന്ദിയായത്. താപനിലയിൽ ഉണ്ടാകുന്ന വലിയ ഉയർച്ച മഞ്ഞുമലകളുടെ ചില ഭാഗങ്ങൾ അസ്ഥിരപ്പെടാൻ ഇടയാക്കുന്നു എന്ന് വിദഗ്ധ ർ പറയുന്നു. അതത്രേ പാറയുടെയും ഐസിന്റെയും ഹിമപാതത്തിന് കാരണമാകുന്നത്.

ലാങ്ങ് ടാങ് ലിറുങ് കൊടുമുടിയുടെ അടിവാരത്ത് 3900 അടി താഴ്ചയിലുള്ള ലെൻഡെ മേഖലയിലേക്കാണ് മഞ്ഞുമല ഇടിഞ്ഞത്. തൃശൂലി നദിയുടെ പോഷക നദിയായ ലെൻഡെ ഖോലയിൽ സംഭവിച്ച ജല കുതിപ്പ് തൃശൂലി, നാരായണി നദീതടത്തിലെ ഗ്രാമങ്ങളെയും ഒഴുക്കി കളഞ്ഞു. ഗൈറോംഗ് അതിർത്തി തുറമുഖത്തെയും മഞ്ഞുമല വീഴ്ച കാര്യമായി ബാധിച്ചു.

പർവ്വത സമൂഹങ്ങൾ നേരിടുന്ന വർദ്ധിച്ചു വരുന്ന കാലാവസ്ഥാ സംബന്ധിയായ അപകട സാധ്യതകളുടെ ഓർമ്മപ്പെടുത്തലാണ് ഈ ദുരന്തം എന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. ഹിമാലയം കടുത്ത ഹിമപാത അപകട സാധ്യതകൾ വരും, വർഷങ്ങളിലും നേരിട്ടേക്കാമെന്നും വിദഗ്ധർ പറയുന്നു.

മരിച്ചവരിലും കാണാതായ വരിലും ചെറുപ്പക്കാർ എത്രയെന്ന് അറിവായിട്ടില്ല. ചെറുപ്പം പിന്നിട്ടവരും സ്ത്രീകളും കുട്ടികളും എത്രയെന്നും അറിയില്ല. പിന്നീടെപ്പോഴെങ്കിലും കണക്കുകൾ വെളിപ്പെടുമ്പോൾ, കാണാതായ ചെറുപ്പം പിന്നിട്ടവരുടെയും ടീനേജേഴ്സിന്റേയും കൂട്ടത്തിൽ ഉൾപ്പെട്ടേക്കാമായിരുന്ന ഞങ്ങൾ 15 പേർ, യാത്രകളെ പരിണയിച്ചവർ, ഈ യാത്ര എങ്ങനെയാണ് വിലയിരുത്തുക.

ആറുമാസം മുൻപേ മൊട്ടിട്ട, പദ്ധതിയിട്ട തത്രയും പാഴായെന്നോ?

ജലത്തിന്റെ വന്യ കുതിപ്പിൽ മറഞ്ഞേക്കാമായിരുന്ന ഞങ്ങൾക്ക് ഇനിയും അവസരം കിട്ടിയെന്നതിൽ ആശ്വസിക്കാം. ആഹ്ലാദിക്കാം. അങ്ങനെയും ഒരു ശരിയുണ്ടല്ലോ.

ലക്ഷ്യം തൊടാനാകാത്ത യാത്രകൾക്കവസാനം ബാക്കിയാവുന്നത് യാത്രാ ചിത്രങ്ങൾ മാത്രമാകുന്നു.



# ട്രാൻസ്ജെന്റർ

കവിത



ശ്രീജ വിജയൻ
9447672678

അവളോ അവനോ
ആരാണു ഞാൻ........

ഉള്ളിന്റെ സംഘട്ടനങ്ങൾ
നിരന്തര കലഹങ്ങൾ

ഉത്തരം കിട്ടാത്ത ചോദ്യമായ്.....

പെണ്ണുടലിൽ കുടുങ്ങിയ
ആൺ കാമ നകൾ

ആൺ പെൺ സമവാക്യങ്ങൾ -
ക്കുൾക്കൊള്ളാനാവാത്ത ചിന്ത.

അറിയാനാവാത്ത
പറയാനാവാത്ത കഥനങ്ങൾ
ഇരുൾ മൂടിയ കാഴ്ചകൾ
ഒറ്റപ്പെടലിന്റെ വീർപ്പുമുട്ടൽ.

പുറത്തേക്കുള്ള പാതകളടച്ച്
കനവുകൾക്കൊരു തടങ്കൽ വാസം
അതിരുകളില്ലാത്ത ആകാശത്തിൽ ,
പരിധികളില്ലാത്ത ആശകൾക്കിടയിൽ
വിലാസമില്ലാത്തവരായി.

കണ്ടെത്തണമെനിക്ക് എന്നെ.

തിരസ്കാരങ്ങൾ തീർത്ത വഴികളിൽ
ജീവിതം മുളയിടുകയായിരുന്നു
അവഗണനകളിലൂടെ
നീതികേടുകൾക്കിടയിലൂടെ
ജീവിതം
തഴച്ചു വളർന്നീടു കയായിരുന്നു
അവജ്ഞയാൽ ആട്ടിയോടിച്ച് -
ശരിയെന്നറിയാതെ
പുലഭ്യം പറഞ്ഞ്
കെട്ട കാലത്തിൻ വിശേഷണങ്ങൾ
ചൊരിഞ്ഞ്
കൊത്തിവലിച്ച വേട്ടമൃഗമാക്കിയില്ലേ
ഇടിച്ചുതാഴ്ത്തലിൽ ഒഴുകി പരന്ന
ജീവിതം, കലങ്ങിയാർത്ത്
കരതേടുകയായിരുന്നു.
സ്വത്വം നേടുകയായിരുന്നു
കടമ്പകളേറെ താണ്ടി, ഇന്നു
ഞാൻ പ്രതീകം
അതിജീവനത്തിന്റെ പാഠപുസ്തകം
മരിച്ചു ജീവിച്ച
ഇന്നലെ കളേക്കാൾ
പൊരുതലിന്റെ
ഈ വെയിൽത്തിളക്ക-
മേറെയിഷ്ടം
ഇനി നിവർന്നു നിൽക്കട്ടെ
ഈയൊഴുകുന്ന നദിയിൽ
സ്വയം ചെന്നു ചേർന്നീടട്ടെ
ഉയരങ്ങൾ കിനാക്കാണാൻ
പതുക്കെ
പതുക്കെ
ശീലിച്ചു തുടങ്ങീടട്ടെ.



കവിത

# മന്ത്രവാദിനി

തുറിച്ചു നോക്കേണ്ട,
ഞാനൊരു മന്ത്രവാദിനിയാണ് .

പകലുകളിൽ, തോട്ടത്തിലെ
ചെടികളെ തലോടിയും
വളർത്തുപൂച്ചകളെ
കളിപ്പിച്ചുമിരിക്കുന്ന
എന്നെ കാണുമ്പോൾ
നിങ്ങൾക്ക് അങ്ങനെ തോന്നിയിട്ടുണ്ടാകയില്ല .

ഇപ്പോൾ നിങ്ങൾക്ക് ആ മൂന്നു
മന്ത്രവാദിനികളെയാവും
ഓർമ്മ വരുന്നത്.

പാതിരാവിൽ
ഒരു വലിയ കുട്ടകത്തിൽ
എന്തൊക്കെയോ തിളപ്പിച്ച്;
എന്തൊക്കെയോ മന്ത്രിച്ചുകൊണ്ട്
തിളച്ചുകൊണ്ടിരിക്കുന്ന പാത്രത്തിലേക്ക്
തവളകളെയും മറ്റും നിക്ഷേപിക്കുന്ന,
കൈകളിൽ മന്ത്രവടിയുമായി ,
നീളൻ കുപ്പായമിട്ട്,
കൂർത്ത മുഖമുള്ള,
തുറിച്ച കണ്ണുകളുള്ള,
വിരലുകളിൽ എഴുന്നു നിൽക്കുന്ന
നീണ്ട നഖങ്ങളുള്ള മന്ത്രവാദിനികളെ?

ഞാൻ അവരെപ്പോലെയല്ല !
എന്റെ കൈവശം മന്ത്രവടികൾ ഇല്ല.
എനിക്ക് മന്ത്രങ്ങളും വശമില്ല
നീണ്ടു കൂർത്ത വിരലുകളാണ്
എന്റെ ശക്തികേന്ദ്രങ്ങൾ.

കൊടുങ്കാറ്റുകൾ അവയിൽ പതുങ്ങിയിരിക്കുന്നു.

പെരുമഴകൾ അവയിൽ
ഉറങ്ങിക്കിടക്കുന്നു.

കടും മഞ്ഞ് അവയിൽ
ഉറഞ്ഞു നിൽക്കുന്നു.

കൊടും വേനൽ അവയിൽ മയങ്ങിക്കിടക്കുന്നു.

ഞാനവ ചലിപ്പിക്കുമ്പോഴാണ്
നിങ്ങൾ കാണുന്ന കാറ്റും മഴയും
മഞ്ഞുകാലവും വേനൽവറുതികളും പിറവിയെടുക്കുന്നത്.

അതുകൊണ്ട് എന്നെ വെറുതെ ദേഷ്യം പിടിപ്പിക്കരുത് .



ദർശന
9645748219

# ഒരു ഫെമിനിസ്റ്റ് എഴുതാവുന്ന രണ്ട് കവിതകൾ



നിബിൻ കള്ളിക്കാട്
Mob : 9961582667

## (1) കെട്ട്

---------------------

കഴുത്തിലെ കെട്ട്
മുറുക്കിയാൽ
ശ്വാസം മുട്ടി
മരിച്ചുപോകുമെന്ന്
അവർക്കറിയില്ല,

അറിയാവുന്നത്
പറഞ്ഞപ്പോഴേക്കും
അറിയാത്ത വിധം
അകലേണ്ടി വന്നു

പിരിയും മുമ്പ്
ശ്വാസമെടുക്കാൻ
എങ്കിലും ഇത്തിരി
സ്വാതന്ത്ര്യം ബാക്കി
വയ്ക്കാമായിരുന്നു

## 2) പുഴു

---------------

അനുവാദമില്ലാതെ
ദേഹത്തിലിഴഞ്ഞു
കയറിയപ്പോൾ
തടഞ്ഞതാണ്
ഏക തെറ്റ്...

അതിൽ പിന്നെ
നോക്കുമ്പോൾ
ചൊറിച്ചിലുണ്ട് ,

പറഞ്ഞിട്ട് കാര്യമില്ല,
ചില പുഴുക്കൾ
ചൊറിയുന്ന തരം
പുഴുക്കളാണല്ലോ..!



# തരിശ് ജീവിതങ്ങൾ





**ബഷീർ മുളിവയൽ**
+971547453464

ആളുകൾക്ക് നേരെ കൈകൾ നീട്ടുന്നു,
തെരുവിലൊരു യാചകൻ.
ചിലർ അയാൾക്ക് നേരെ അവഗണനയുടെ ശൂന്യത വച്ച് നീട്ടുന്നു.
മറ്റു ചിലർ കാശും കരുണയുടെ നോട്ടവും നൽകിപ്പോകുന്നു.

യാചകർ കൈ നീട്ടുന്നത് കാശിന് വേണ്ടി മാത്രമായിരിക്കുമോ?
കാശ് കൊടുത്ത് വാങ്ങാൻ കിട്ടുന്ന ഭക്ഷണത്തിന്റേത് മാത്രമാണോ
അവർ സഹിക്കുന്ന പട്ടിണി?
എവിടെയും വാങ്ങാൻ കിട്ടാത്ത സ്നേഹത്തിന്റേത് കൂടിയല്ലേ?

എന്നെയൊന്നു കെട്ടിപ്പിടിക്കാമോ
എന്ന അർത്ഥത്തിലായിരിക്കുമോ അവർ കൈ നീട്ടുന്നത്?
ഒന്ന് തൊടാൻ,
സ്നേഹത്തോടെ ചുംബിക്കാൻ ആരുമില്ലാത്തവനോളം ദരിദ്രൻ ആരുണ്ട്?
സ്നേഹചുംബനത്തോളം ദാഹം ശമിപ്പിക്കുന്ന പാനീയമുണ്ടോ?
കെട്ടിപ്പിടിച്ചാലടങ്ങുന്നത്ര ക്ഷീണം
എന്ത് ആഹരിച്ചാലാണടങ്ങുക!

കായ്ക്കുകയോ പൂക്കുകയോ ചെയ്യാത്ത മരങ്ങളെപ്പോലെ
കിളിച്ചുണ്ട് പതിയാതെ
ശലഭത്തലോടലേൽക്കാതെ
ജീവിക്കുന്നവരുണ്ട്.
കാതുകളിൽ സ്നഹസ്വരമൊന്നും പെയ്യാത്ത
കണ്ണുകളിൽ സൂര്യകാന്തികൾ വിടരാത്ത
മനസ്സിനെ കുളിർകാറ്റലകൾ തഴുകാത്ത
സ്വപ്നങ്ങൾക്ക് മനോഹരമായ നിറങ്ങളില്ലാത്ത
മനുഷ്യർ!

എങ്ങനെ കവിത എഴുതാനാകും അവരെക്കുറിച്ച്?
ഒന്ന് നനയാൻ കണ്ണീരു പോലുമില്ലാത്തവരെ
നീതിപൂർവം മരുഭൂമിയോട് പോലും ഉപമിക്കാനാവില്ല തന്നെ!

# ഒഴിവാക്കൽ

ഒടുവിലവൾ തിരുമാനിച്ചു.
ഇവറ്റകളെ എങ്ങനെയെങ്കിലുമൊന്ന്
ഒഴിവാക്കണം.

കുറേക്കാലമായി
ശല്യം തുടങ്ങിയിട്ട് .
ഊണിലും ഉറക്കത്തിലും ഇവറ്റകൾ തന്നെ.

ഉറച്ച തീരുമാനത്തോടെ
പിറ്റേന്ന് രാവിലെ കുളിച്ചൊരുങ്ങി.
ഒരു സഞ്ചിയെടുത്തു. ആദ്യം
സ്വപ്നങ്ങളെ,
സന്തോഷങ്ങളെ ,
ആഗ്രഹങ്ങളെ,
നിരാശകളെ, വേദനകളെ, അപമാനങ്ങളെ,
വേർപാടുകളെ എന്നിവയെയെല്ലാം സഞ്ചിയിൽ കുത്തിനിറച്ചു.

അവർ പരസ്പരം
മിണ്ടാതിരിക്കാനായി
വെവ്വേറെ കടലാസിൽ
മുറുക്കിപൊതിഞ്ഞിരുന്നു.

പിന്നെ മെല്ലെ പുറത്തിറങ്ങി. ഇനി എവിടെയെങ്കിലും
കളയണം.

പോവുന്ന വഴിയിൽ അവളോർത്തു.
ഇവറ്റകളൊക്കെ എന്നാണ് കയറിക്കൂടിയത്?

അല്ലെങ്കിലും സമ്മതമില്ലാതെ ഓരോന്ന് വലിഞ്ഞ് കേറി വരും.

അവൾ അവജ്ഞയോടെ നോക്കി.
അപ്പോഴവർ ശല്യപ്പെടുത്താതെ ഇരുക്കുകയായിരുന്നു .

വലിയൊരു കുന്നിന്റെ മുകളിലേക്ക്
പ്രയാസപ്പെട്ട്
അവളെത്തി.

ഓരോ പൊതിയും മെല്ലെ തുറന്നു.

ക്രൂരമായ ആനന്ദത്തോടെ അവയെ ഓരോന്നായി വലിച്ചെറിഞ്ഞു.

പക്ഷേ അവസാനം
അവസാനം അവളൊറ്റക്കായി. ഭീകരമായ ശൂന്യത അവിടെ അനുഭവപ്പെട്ടു.

ഇവരില്ലെങ്കിൽ പിന്നെ ഞാനെങ്ങനെ?
ഒന്നുമില്ലായ്മയെക്കുറിച്ചവൾക്ക് ചിന്തിക്കാനായില്ല.

അവസാനം അവളും താഴേക്കു നോക്കി
ഉറക്കെയവിളിച്ചു പറഞ്ഞു
ഞാനിതാ വരുന്നു.

ഇത്തവണ ഭാരങ്ങളൊന്നുമില്ലായിരുന്നു.
പൂമ്പാറ്റയെപ്പോലെ പറന്ന് അങ്ങനെയങ്ങനെ...

കവിത



ദീപ്തി പി എസ്
9661991000

ഇനിയും സമയമായില്ലേ ഇത്തിരിനേരമെങ്കിലും
എന്നെയൊന്നു കേൾക്കുവാൻ...
ഇനിയെങ്കിലുമുൾ തുറന്നെന്നെയൊന്നാ
ശ്വസിപ്പിക്കുവാൻ
എന്നോ കവർന്നെടുത്തൊരെൻ ഹൃദയമെനിക്കിനിയും
തിരികെ തരാൻ സമയമായില്ലയോ
തരാൻ മടിച്ചൊരാ സ്നേഹ ഗന്ധവും പകർന്നു തന്നീടുവാൻ
ഇനിയുമകന്നു മറയല്ലൊരു പൊട്ടു പോൽ
തിരിഞ്ഞു നോക്കാത്തൊരു രൂപമായ് അന്നകന്നകന്നുപോയൊരാ വഴികളിൽ

വയ്യ, ഇപ്പോഴെൻ കാഴ്ചകൾ മങ്ങലിൻ മറവിലായ്....
വെള്ളി വരകളാലലങ്കാരമായ് തല നാരുകൾ
വരകൾ നിരകളാൽ ചിത്രരൂപമായ് കൈകാലുകൾ
ഇനിയുമേറെയുണ്ടാവുമോ കാലം...
നമുക്കൊരിക്കലെങ്കിലുമൊരു നേരമെങ്കിലും
ഒന്നാണെന്നോർമ്മിക്കുവാൻ...
ഒന്നായിരുന്നുവെന്നാശ്വസിച്ചീടുവാൻ



കവിത

# കാലം കാത്തു വച്ചത്



ഹാജറ കെ.എം
7012276009

# കൈത്തറി




**കെ.പി സജിത്**
**9747909 259**




എത്രയെത്ര പേരെയാണ്
നീ നിന്റെ വശീകരണത്തിൽ കൊരുത്തിട്ടത് ?
മിണ്ടരുത്, ഞാനൊറ്റയ്ക്കാണോ?
നീയും കുടുക്കിയിട്ടില്ലേ
ഒരു പാട് പേരെ....
സൂചിയും നൂലും
വാഗ്വാദത്തിലേർപ്പെട്ടു.
ശരിയാ..നമ്മുടെ തുന്നലിൽ
പെട്ടു പോവാത്തവരാരുമില്ല.
കള്ളനും പോലീസിനും മന്ത്രിക്കും
പുരോഹിതൻമാർക്കും
എന്തിന്, പട്ടാളക്കാർക്കും
രക്തസാക്ഷികൾക്കും വരെ
നമ്മളൊരുമിച്ചാണ്
കുപ്പായം തുന്നിയതും
അതിനുള്ളിൽ അവരെ
'കുടുക്കി ' യിട്ടതും...
സാധുവും ഭ്രാന്തനും
ധരിച്ചത് നാം തുന്നിയ
കുപ്പായങ്ങൾ..
പക്ഷേ ഒരു കുപ്പായത്തിനുള്ളിലും
കുടുങ്ങാത്ത ഒരാളുണ്ട്...
ആരുടെ വശീകരണത്തിലും,
ഒരു കുപ്പായക്കുടുക്കിലും
കുരുങ്ങാത്ത ഒരാൾ...
അതാരാ...?
നൂല് സൂചിയോട് ചോദിച്ചു...
സൂചി പറഞ്ഞു...
'സ്നേഹത്തിന്റെ കൈത്തറി വിദ്യ മാത്രം
പുതച്ച് നടന്ന ഒരാൾ...
മത ഭ്രാന്തിന്റെ കുപ്പായം
ഇട്ടവർ കൊന്നു കളഞ്ഞ ഒരാൾ...'
മഹാത്മാവ്...
നൂല് കൈ കൂപ്പി,
സൂചിയുടെ ചുറ്റിലും പശ്ചാത്താപം
പിണഞ്ഞു കിടന്നു.
സൂചിയാവട്ടെ, നൂലിനെ കോരിയെടുത്ത് ,
അതുമായി പ്രാർത്ഥനയ്ക്കുള്ള
ഒരു കുപ്പായം തുന്നാനുള്ള
തിരക്കിലുമായി .



# പിറവി

പറയുവാൻ ഒന്നുമുണ്ടായിരുന്നില്ല.
എന്നിട്ടും വാക്കുകൾ
ചുണ്ടത്തുവന്നിരുന്ന്
ഏറെ കാത്തിരുന്നു.
പിന്നെയവ
പടിയിറങ്ങി
വെയിലിന്റെ ഒപ്പം
കിഴക്കേ മലഞ്ചെരുവിലേക്ക്
നടന്നകന്നു.
വാക്കുപേക്ഷിച്ച
ആശയത്തിന്റെ ചവർപ്പ്
നാക്കിൽ
എരിഞ്ഞടങ്ങിയ തീപ്പന്തം കണക്കെ
പൊള്ളിയടർന്നു.
കിഴക്കേ മലഞ്ചെരുവിൽ നിന്നൊരു
മുദ്രാവാക്യം.
വാക്ക് അവിടെ
എത്തിയെന്നതിന്റെ സാക്ഷ്യപത്രം.
മലഞ്ചെരിവു ചുവന്നു
സൂര്യനെപ്പൊതിഞ്ഞു.
സൂര്യൻ നിന്നു കത്തി.
മുഷ്ടി ചുരുട്ടി,
തീപ്പന്തമായി.
കാടെരിഞ്ഞു,
കടലു തിളച്ചു,
പിറക്കാതെ പോയ
തിരകളെ വിഴുങ്ങി
സൂര്യൻ
കടലുകുടിച്ചു വറ്റിച്ചു.
വാക്കിൻ അക്ഷരമുനത്തുമ്പിൽ
പുതിയൊരു
ഭൂഗോളം പിറന്നുവീണു.



**എ. കെ. അനിൽകുമാർ**
**9567030770**

# കാല്പാടുകൾ





**ജയപാലൻ കാര്യാട്ട്**
(M) 9447270900

പിടിതരാതോടി മറയുന്ന ജീവിത-
പ്പടിയിൽ മായുന്ന കാലടിപ്പാടുകൾ!
വിടപറയാൻ വിതുമ്പുന്ന ചുണ്ടുകൾ-
ക്കിടയിൽ വിരിയാതടർന്നു പൂമൊട്ടുകൾ.
ഇടിമുഴക്കമായ് കാതിൽത്തിരുമൊഴി,
പടികളേറിത്തളർന്ന കാൽപ്പാദവും
ഉടയവർ കാത്തുകൊള്ളുമെന്നോർക്കവേ
ഇടയനും വഴി പിരിയുന്നതിശയം.
അടിമതൻ മിഴി നിറയുന്ന മുത്തുകൾ
കൊടിയ ചൂഷണക്കഥകൾ തന്നാരവം.
വടികൊടുത്തെന്നും അടിവാങ്ങി ജന്മവും
കടമകൾ മറന്നൊഴിയുന്നനന്തമായ്.
കരുതലിൻ കരസ്പർശം കുളിർത്തെന്നൽ
കരുതിവെച്ചതാം കാരുണ്യനാമ്പുകൾ
ഉഴുതുണർത്തിയ മണ്ണിന്റെ മാറിലേ-
ക്കൊഴുകിയെത്തുന്ന വർഷത്തിൻ മർമ്മരം.
ഇടയിൽ കൺമിഴിച്ചെത്തുന്ന പ്രണയമായ്
ഞൊടിയിൽ മിന്നിത്തെളിയും കിനാവുകൾ
കുടിലിലിനുള്ളിൽ കുടിവെച്ച വേളിയി-
ന്നടിമയല്ലെന്നുണർവ്വായി സാക്ഷ്യവും !

# അമ്മയെക്കാണാൻ

കവിത



ഡോ. പി. സജീവ്കുമാർ
9846310596



തെക്കു നിന്നു ,
വന്നൊരാഡംബര വാഹനം
ശക്തന്റെ തട്ടകം
വലം വച്ചു ,
ഗ്രാമവീഥിയിലൂടെ
ഗൂഗിൾ തെളിച്ചപോൽ
ലക്ഷ്യം തൊട്ടു ,തൊട്ടില്ലെന്ന
മട്ടിൽക്കറങ്ങവെ,
 കാൽനടയാത്രക്കാരനെ
കണ്ടു ,ബ്രേക്കിലമരുന്നു.

ഓടിച്ചിരുന്നവനും
നടന്നീടുന്നവനും
മിഴികൾ കോർക്കുന്നു.
മിണ്ടീടുന്നു .

'ചേട്ടാ, പ്രതീക്ഷാഭവൻ
എവിടെ, വഴി,യിടത്തോട്ടോ,
വലത്തോട്ടോ?'

'ഇടത്തോട്ടുള്ള
വഴിയിൽ തന്നെയാ,
ചാരിറ്റി ചെയ്യാനിറങ്ങിയതാണോ?'.

അല്ല ,ചേട്ടാ
യു.കെ.യിൽ നിന്നും
ഇന്നലെ വന്നു, ഞാൻ,
അമ്മയുണ്ടിവിടെ, പാർക്കുന്നു,
കണ്ടൊന്നു പോകണം ,
അമ്മതൻ ജന്മദിനമത്രേ!



# ജാപ്പനീസ് ഡയറി

**കവിത**

**ഷഫീന സൈത്തൂൻ**
7293105185



നേരം വെളുക്കും മുൻപ് മുളങ്കാടിന്റെ
കവാടത്തിൽ നീ നിൽക്കണം,

രാത്രിയുടെ ശേഷിപ്പുമായി കിമോണോ
വനം നിന്നെ കാത്തുനിൽക്കും,

മൂടൽമഞ്ഞിൽ മുളന്തണ്ടുകൾ വെളുത്ത
പുകയിൽ നിന്നുയരുമ്പോൾ നിറങ്ങളുടെ
നദി തെളിയും

അറുന്നൂറ് തൂണുകളിൽ ചെറിപ്പൂക്കളും
ക്രെയിനുകളും തിരമാലകളും
പുലർവെളിച്ചത്തിൽ മഞ്ഞിൽ
കത്തുന്ന വിളക്കുപോലെ പ്രകാശിക്കും

നീ നടക്കുന്തോറും പട്ടുചേലകൾ
മഞ്ഞിലുണങ്ങുന്നപോലെ
നിറങ്ങൾ മാറും

ഒരു നിമിഷം നിന്നാൽ തൂണുകളിൽ
നിന്റെ നിഴൽ വീണ് നീയും
ആ ചിത്രങ്ങളിലൊന്നാകും.

മുകളിൽ ആകാശമില്ലാതെ
ഇലകൾക്കിടയിലൂടെ ചാരവെളിച്ചം
അരിച്ചിറങ്ങും

ലോകം മുഴുവൻ ശ്വാസമടക്കിപ്പിടിച്ച
പോലൊരു നിശബ്ദത
നിനക്ക് അനുഭവിക്കാം

ദൂരെ
എവിടെയോ ക്ഷേത്രമണി മുഴങ്ങും
മഞ്ഞുതുളച്ച് അത് നിന്റെ നെഞ്ചിൽ
വന്നു തൊടും,

നനവാർന്ന കല്ലുകളിൽ
നിന്റെ കാലടികൾ
പതിയുമ്പോൾ ഇലത്തുമ്പിൽ നിന്നൊരു
നീർത്തുള്ളി അടർന്നുവീഴും,
അത്ര മാത്രം

കാറ്റ്സുറ നദിക്കരയിൽ മഞ്ഞുമൂടി
ടോഗെറ്റ്സു പാലം പാതിമറഞ്ഞുനിൽക്കു
മ്പോൾ
ഒരു കൊക്ക് ജലപ്പരപ്പിനു മീതെ പറന്നുമ
റയും,
ചിറകടിയൊച്ചപോലുമില്ലാതെ

ടെൻറ്യൂ-ജി പായൽത്തോട്ടത്തിൽ വെള്ളി
വെളിച്ചം പറ്റിക്കിടക്കും,

ചൂലുമായി കടന്നുപോകുന്ന സെൻ
സന്യാസി മാഞ്ഞുപോകുന്ന
നിഴൽരൂപമാകും

ഇത്
വെളിച്ചം വരുന്നതിന് തൊട്ടു മുൻപുള്ള
നിമിഷം,

ഇരുട്ടമല്ല
പകലുമല്ല
എല്ലാംമറഞ്ഞിരിക്കുന്ന
എല്ലാം സാധ്യമാകുന്ന ഒരിടവേള..!

ഒടുവിൽ
നീ,
മുളകളുടെയും മൂടൽ മഞ്ഞിന്റെയും
കഥയിലെ നിറമുള്ള ഒരേട്..

കവിത

# കാണാൻ കൊതിച്ചിട്ടും





**സതി സതീഷ്**
7805994565

ആരെത്ര ചേർത്തുനിർത്തിയാലും
നഷ്ടമായതിന്റെ
വിടവ് നികത്താൻ മറ്റൊന്നിനുമാവില്ല

സ്നേഹിക്കാൻപഠിപ്പിച്ച്
മോഹങ്ങൾ തന്ന് വിടപറയാതകന്നുപോയ
പ്രണയത്തിന്നോർമ്മകൾ
ഹൃദയത്തെ കൊളുത്തി വലിക്കുന്നു

പരസ്പരം കാണാതെ ആത്മാവിനെ
തൊട്ടറിഞ്ഞവർ ആയിട്ടും നമുക്കിടയിൽ
നമ്മളറിയാതെ ഈ ദൂരം കടന്നു വന്നതെങ്ങനെ
അകന്നുപോയിട്ടും എന്തിനാണ്
നിന്നോർമ്മകളെ ചേർത്തുപിടിക്കുന്നതെന്നറിയില്ല
നമുക്കിടയിൽ
ഒരു കണ്ടുമുട്ടൽ ഉണ്ടാവുമോ?
വേറൊന്നിനും അല്ല
നീ എന്ന ഒറ്റത്താളിൽ മഷി വറ്റിയൊരു
പേനയായ് നിനക്കായ് കാത്തിരിക്കുന്നൊരു
ഹൃദയമിവിടെയുണ്ടെന്ന് ബോധ്യപ്പെടുത്താൻ
മാത്രം ഒരു കണ്ടുമുട്ടൽ അനിവാര്യമാണ്

# ചോര പൊടിഞ്ഞ കവിതകൾ



ചോര പൊടിഞ്ഞ കവിതകൾ
പ്രണയ ലേഖനത്തിൽ
ഇടം പിടിച്ചിരുന്ന കാലം
ഓർമയിലേയ്ക്ക് ഓടി വന്നു.

ചോര പൊടിഞ്ഞ കവിതകൾ
കുട്ടിവിപ്ലവങ്ങൾ
ആദർശധീരതയുടെ ആവിഷ്ക്കരമായിരുന്നു.

ചോര പൊടിഞ്ഞ കവിതകൾ
തെരുവ് നാടകത്തിന്റെ
ജീവനാഡിയും ജീവാംശവുമായിരുന്നു.

ചോര പൊടിഞ്ഞ കവിതകൾ
കവിയരങ്ങിലെ പ്രധാനിയും
കേൾവിക്കാരന്റെ ആവേശവുമായിരുന്നു.

ചോര പൊടിഞ്ഞ കവിതകൾ
പാർശ്വവത്ക്കരിക്കപ്പെട്ടവന്റെ
ഉണർത്തുപാട്ടായിരുന്നു.

ചോര പൊടിഞ്ഞ കവിതകൾ
ദേശസ്നേഹികളുടെ ദേശീയഗാനമായിരുന്നു.

ചോര പൊടിഞ്ഞ കവിതകൾ
തൊഴിലാളികളുടെ വിപ്ലവഗാനമായിരുന്നു.

ചോര പൊടിഞ്ഞ കവിതകൾ
ജാതിമത വർഗ്ഗീയതയ്ക്ക്
എക്കാലാവും ഭീഷണിയായിരുന്നു.

ചോര പൊടിഞ്ഞ കവിതകൾ
രക്തസക്ഷികളുടെ ചോരയിൽ പൊലിഞ്ഞ ജീവിതങ്ങളായിരുന്നു.

ചോര പൊടിഞ്ഞ കവിതകൾ
പഞ്ചമിമാർക്ക് അറിവിന് വേണ്ടിയായിരുന്നു.

ചോര പൊടിഞ്ഞ കവിതകൾ
യുദ്ധമെന്ന മഹാപാതകത്തിന് എതിരായിരുന്നു.

ചോര പൊടിഞ്ഞ കവിതകൾ
പട്ടിണിസമരത്തിന്റെ പടപ്പാട്ട് ആയിരുന്നു.

ചോര പൊടിഞ്ഞ കവിതകൾ
ചരിത്രങ്ങളെഴുതിയ മുഹൂർത്തങ്ങളായിരുന്നു.

ചോര പൊടിഞ്ഞ കവിതകൾ
കാലത്തിനോപ്പം നടന്ന കനലായിരുന്നു.

ചോര പൊടിഞ്ഞ കവിതകൾ
മാറ്റങ്ങളുടെ മാറ്റോലി പാടിയ
മാനവികതയ്ക്കുള്ള ശാന്തിഗീതമായിരുന്നു.



**കൃഷ്ണകുമാർ**
**കൊടുമ്പ്**
9496680815

# വാരാണസി



ജനനം മുതൽ മരണം വരെ
ഗംഗയുടെ തീരത്ത്
ഒരു കുഞ്ഞിന്റെ കരച്ചിൽ കേൾക്കുന്നു
ഒരു പുതിയ ജീവിതത്തിന്റെ
ആദ്യ ശബ്ദം.
അതേ തീരത്ത്,
ഒരു ചിതയിലെ തീ
മെല്ലെ കെട്ടടങ്ങുന്നു
ഒരു ജീവിതത്തിന്റെ
അവസാന ശ്വാസം പോലെ.
വാരാണസി...
ഇവിടെ ജനനവും മരണവും
അകലെ നിൽക്കുന്നവയല്ല;
ഒരേ നദിയുടെ
രണ്ട് തീരങ്ങൾ പോലെ
അടുത്തടുത്താണ്.
ഒരു ജീവിതം
ചിരിച്ചും കരഞ്ഞും,
സ്വപ്നങ്ങൾ നെയ്തും
വഴികളിലൂടെ നടന്നുപോകുന്നു.
കാലം കടന്നുപോകുന്നു...
ബന്ധങ്ങൾ പിറക്കുന്നു,
സ്നേഹങ്ങൾ വളരുന്നു,
ഓർമ്മകൾ നിറയുന്നു.
ചിലർ കൈപിടിച്ച് കൂടെ നടക്കുന്നു,
ചിലർ വഴിയരികിൽ
നിശ്ശബ്ദമായി പിരിഞ്ഞുപോകുന്നു.
ഒടുവിൽ,
എല്ലാ യാത്രകളും
ഒരു നിശ്ശബ്ദതയിലേക്ക്
ചെന്നെത്തുന്നു.
ശരീരം ചാരമായി
ഗംഗയിലേക്ക് ലയിക്കുമ്പോൾ,
തിരകൾ ഒന്നും ചോദിക്കുന്നില്ല.
അവൾക്കറിയാം
ഒരു മനുഷ്യൻ നടന്നുവന്ന
ജീവിതത്തിന്റെ മുഴുവൻ കഥ.
വാരാണസി,
നീ എന്നെ പഠിപ്പിച്ചത്
മരണം ഒരു അവസാനമല്ലെന്ന്;
ജീവിതം പോലെ തന്നെ
അതും ഒരു യാത്രയാണെന്ന്.
ജനനം മുതൽ മരണം വരെ
നാം നടന്ന വഴികൾ
ഒടുവിൽ ഗംഗയിൽ ലയിച്ചേക്കാം.
എന്നാൽ
നാം നൽകിയ സ്നേഹവും,
പങ്കിട്ട നിമിഷങ്ങളും,
ബാക്കിയാക്കിയ ഓർമ്മകളും
കാലത്തിന്റെ തീരത്ത്
തിരകളെപ്പോലെ
തുടർന്നുകൊണ്ടേയിരിക്കും.



**KAILAS B S**
Ph no 7012695119

# വർഷങ്ങൾക്കിപ്പുറം

കഥ



**ബിനോജ്. സി. പി.**
Mob: **9061760496**



**ജോ**ലിയുമായി ബന്ധപ്പെട്ട യാത്രയിലായിരുന്നു ജയന്റെ ഫോൺ കോൾ എന്നെ തേടിയെത്തിയത്. ഒന്നുരണ്ട് മാസത്തെ ഇടവേളയ്ക്കു ശേഷമായിരുന്നു അപ്രതീക്ഷിതമായ ആ വിളി.

സ്ഥിരം ചോദ്യങ്ങളും കുശലാന്വേഷണങ്ങളും കഴിഞ്ഞപ്പോൾ അവൻ ചോദിച്ചു:

"നാളെ ഫ്രീയാണോ?"

ഞായറാഴ്ചയായതിനാൽ മറ്റൊന്നും ആലോചിക്കാതെ ഞാൻ പറഞ്ഞു:

"അതെ."

"നാളെ എയർപോർട്ടിൽ നിന്ന് എന്നെ പിക്ക് ചെയ്യണം. വൈകുന്നേരം നാലുമണിക്ക് എത്തും. ചെറിയൊരു ശാരീരിക ബുദ്ധിമുട്ടുണ്ട്. അതുകൊണ്ടാണ് എമർജൻസിയായി നാട്ടിലേക്ക് വരുന്നത്. വിശദമായി നാളെ നേരിൽ പറയാം."

അത്രയും പറഞ്ഞ് അവൻ ഫോൺ കട്ട് ചെയ്തു.

ഞാൻ കുറച്ചുനേരം അവനെക്കുറിച്ച് ഓർത്തിരുന്നു.

കുട്ടിക്കാലത്ത് അമ്മവീട്ടിൽ താമസമായിരുന്നതിനാൽ ആ നാട്ടിൽ എനിക്ക് ഒരുപാട് സൗഹൃദങ്ങളുണ്ടായിരുന്നു. അതിൽ ഏറ്റവും സജീവമായിരുന്ന ഒരാളായിരുന്നു ജയൻ.

ഉയരം കുറഞ്ഞ, അല്പം ഇരുണ്ട നിറവും ചുരുണ്ട മുടിയുമുള്ള ജയൻ ഞങ്ങളുടെ സൗഹൃദക്കൂട്ടായ്മയുടെ ഊർജമായിരുന്നു. ഗോട്ടികളിയിലും നീന്തലിലും അവനെ തോൽപ്പിക്കുക ഞങ്ങൾക്ക് എളുപ്പമായിരുന്നില്ല. കാനത്തെ കുളത്തിലും വടക്കേ കുളത്തിലും അവൻ ഞങ്ങളെ നിഷ്പ്രഭരാക്കിയിട്ടുണ്ട്. ക്രിക്കറ്റ് മൈതാനങ്ങളിൽ അവന്റെ ഫാസ്റ്റ് ബൗളിങ്ങിനു മുന്നിൽ പിടിച്ചുനിൽക്കാൻ കഴിയാതെ ഞങ്ങൾ പലപ്പോഴും പതറിയിട്ടുണ്ട്.

പക്ഷേ, പതിയെപ്പതിയെ എപ്പോഴോ അവൻ എല്ലാറ്റിൽനിന്നും പിൻവാങ്ങിത്തുടങ്ങി.

ജീവിതം കരുപ്പിടിപ്പിക്കാൻ ചെറിയ പ്രാ

യത്തിൽ തന്നെ അവൻ പല വേഷങ്ങളും കെട്ടി.

പത്രം ഏജന്റായി.

നെയ്ത്തുകാരനായി.

പിക്കപ്പ് ലോറിയുടെ ക്ലീനറായി.

പെയിന്ററായി.

പാചകക്കാരനായി.

അങ്ങനെ ജീവിതത്തിന്റെ പല വേദികളിലും പല വേഷങ്ങളിൽ പകർന്നാടി ഒടുവിൽ പ്രവാസിയായി.

പലപ്പോഴും അവന്റെ കണ്ണുകളിൽ തെളിഞ്ഞിരുന്ന വിഷാദം എന്നെ തെല്ലൊന്നുമല്ല അലോസരപ്പെടുത്തിയിരുന്നത്. വലിയ പൊട്ടിച്ചിരികൾക്കു ശേഷമുള്ള അവന്റെ നീണ്ട മൗനങ്ങൾ പലപ്പോഴും എന്നെ അസ്വസ്ഥനാക്കിയിരുന്നു.

തമ്മിൽ കാണുമ്പോഴൊക്കെ ഒരുപാട് കാര്യങ്ങൾ സംസാരിക്കാനുണ്ടായിരുന്നു ഞങ്ങൾക്ക്.

ജീവിതത്തിലെ പ്രാരബ്ധങ്ങൾ...

ജോലിയില്ലാതെ അലഞ്ഞ ദിവസങ്ങൾ...

ശമ്പളമില്ലാതെ പണിയെടുക്കേണ്ടിവന്ന മാസങ്ങൾ...

നാട്ടിൽനിന്ന് അകലെയിരുന്ന് കുടുംബത്തിനായി ജീവിച്ച വർഷങ്ങൾ...

അങ്ങനെ പലതും.

സൗഹൃദത്തിലെന്നപോലെ ജോലിയിലും അവൻ ആത്മാർത്ഥനായിരുന്നു. വല്ലപ്പോഴുമൊക്കെയേ അവന്റെ ഫോൺകോളുകൾ എന്നെ തേടിയെത്താറുണ്ടായിരുന്നുള്ളൂ. പക്ഷേ, വിളികൾക്കിടയിലെ ഇടവേളകൾ ഒരിക്കലും ഞങ്ങളുടെ സൗഹൃദത്തിനിടയിൽ ദൂരം സൃഷ്ടിച്ചിരുന്നില്ല.

എന്തായിരിക്കും ഇത്ര പെട്ടെന്ന് നാട്ടിലേക്ക് തിരിച്ചുവരാൻ കാരണം?

ആ ചിന്ത കുറച്ചുനേരം എന്നെ അലോസരപ്പെടുത്തി.

എങ്കിലും, നാളെ നേരിൽ കാണാമല്ലോ എന്ന സമാധാനത്തിൽ ഞാൻ വണ്ടിയുടെ വേഗം കൂട്ടി.

---

പറഞ്ഞ സമയത്തേക്കാൾ അരമണിക്കൂർ മുമ്പേ ഞാൻ എയർപോർട്ടിലെത്തി.

പരിസരം ഒരുപാട് മാറിയിരുന്നു.

പുറത്ത് നല്ല തിരക്ക്.

വിഷാദമുഖങ്ങളുമായി മടക്കയാത്രയ്ക്കൊരുങ്ങുന്നവർ...

സന്തോഷത്തോടെ യാത്രപറയുന്നവർ...

പ്രിയപ്പെട്ടവരുടെ വരവും കാത്ത് അക്ഷമരായി നിൽക്കുന്ന ബന്ധുമിത്രാദികൾ...

തിരക്കിനിടയിലൂടെ ഓടിനടക്കുന്ന എയർപോർട്ട് ജീവനക്കാർ...

എത്രയോ തവണ ഞാനും അതിജീവനത്തിനായി ഇതുവഴി കടന്നുപോയിട്ടുണ്ട്. അത്രതന്നെ തവണ മടങ്ങിവന്നിട്ടുമുണ്ട്.

ആ തിരക്കിനിടയിൽ, ഓർമ്മകളുടെ തണുപ്പിലേക്ക് ഞാൻ മുഖം പൂഴ്ത്തി.

'പ്രവാസം' എന്ന ഒറ്റ വാക്കിനുള്ളിൽ ഒളിപ്പിച്ചുവച്ച മധുരനൊമ്പരങ്ങൾ ഓരോന്നായി ഒരു സിനിമയിലെ ദൃശ്യങ്ങൾപോലെ മനസ്സിൽ തെളിഞ്ഞുവന്നു.

നാടുവിട്ടുപോയ കാലം...

വീടിനെക്കുറിച്ചുള്ള ആകുലതകൾ...

പ്രിയപ്പെട്ടവരിൽനിന്നുള്ള അകലം...

തിരിച്ചുവരവിനായി എണ്ണിത്തീർത്ത ദിവസങ്ങൾ...

ഒടുവിൽ, ഇനി ഒരിക്കലും മടങ്ങിപ്പോകേണ്ടതില്ലെന്ന ആശ്വാസത്തോടെയായിരുന്നു ഞാൻ അവിടെ ഇരുന്നത്.

അപ്പോഴാണ്

'വിമാനം ലാൻഡ് ചെയ്തിരിക്കുന്നു..."

എന്ന അനൗൺസ്മെന്റ് കേട്ടത്.

ചിന്തകളുടെ ചരട് പൊട്ടിപ്പോയി.

കുറച്ചുനേരം കഴിഞ്ഞപ്പോൾ ഫോൺ വീണ്ടും മുഴങ്ങി.

"നീ പുറത്തുതന്നെ ഇല്ലേ?"

"ഉണ്ട്."

അത്രയും പറഞ്ഞ് അവൻ ഫോൺ കട്ട് ചെയ്തു.

അല്പസമയത്തിനുശേഷം എമിഗ്രേഷൻ നടപടികൾ പൂർത്തിയാക്കി അവൻ പുറത്തേക്ക് വന്നു.

ഞങ്ങൾ പരസ്പരം കെട്ടിപ്പിടിച്ചു.

ഒരുപാട് വർഷങ്ങൾക്കുശേഷം കണ്ടുമുട്ടിയിട്ടും, ആ നിമിഷത്തിൽ വർഷങ്ങളുടെ അകലം ഒന്നുമില്ലാതായി.

ലഗേജും എടുത്ത് ഞങ്ങൾ വാഹനത്തിനടുത്തേക്ക് നടന്നു.

"ഒരു ചായ കുടിച്ചിട്ടാവാം യാത്ര," അവൻ ചിരിച്ചുകൊണ്ട് പറഞ്ഞു.

ഞാൻ തലയാട്ടി.

അവനെയും കൂട്ടി അടുത്തുള്ള ചെറിയ തട്ടുകടയിൽ കയറി.

"മധുരം കുറച്ച്... രണ്ട് ചായ."

ആവി പറക്കുന്ന ചായക്കപ്പുകൾക്കിടയിൽ അവൻ വീണ്ടും സംസാരിച്ചുതുടങ്ങി.

"കഴിഞ്ഞ രണ്ടാഴ്ചയായി ചെറിയൊരു നെഞ്ചുവേദനയുണ്ട്. ജോലി ചെയ്യാൻ ബുദ്ധിമുട്ടായി. അവിടെ ആശുപത്രിയിൽ കാണിച്ചു. നാട്ടിൽനിന്ന് ചികിത്സ എടുക്കുന്നതാണ് നല്ലതെന്ന് അവർ പറഞ്ഞു. അതുകൊണ്ടാണ് പെട്ടെന്ന് നാട്ടിലേക്ക് വരാൻ തീരുമാനിച്ചത്."

അവൻ ഒരു നിമിഷം നിശ്ശബ്ദനായി.

"നാളെ തന്നെ കാണിക്കണം. ലീവ് ഒരു മാസമേ ഉള്ളൂ. പെട്ടെന്ന് തിരിച്ചുപോകണം. ജോലി ഒക്കെ ഒന്ന് സെറ്റ് ആയി വരുന്നതേയുള്ളൂ. അപ്പോഴാണ് ഇങ്ങനെ ആയിപ്പോയത്."

ചായയിൽനിന്നൊരു ചെറുകുടി എടുത്ത ശേഷം അവൻ തുടർന്നു.

"രണ്ട് വർഷമായി ഇവിടെനിന്ന് പോയിട്ട്. അവിടെ കുറെ പൈസയൊക്കെ ചെലവായി. വീടിന്റെ കോൺക്രീറ്റ് കഴിഞ്ഞിട്ട് വരാമെന്നായിരുന്നു കരുതിയത്..."

അവന്റെ സംസാരം ഇടമുറിയാതെ പെയ്തുകൊണ്ടിരുന്നു.

വീടിന്റെ കോൺക്രീറ്റ്...

കടങ്ങൾ...

ജോലി...

ചികിത്സ...

പ്രവാസം...

കുടുംബം...

ജീവിതം...

എല്ലാം ആ ചെറിയ ചായക്കടയിലെ മേശയ്ക്കു ചുറ്റും അവൻ നിരത്തിവെച്ചു.

മോളെയും കുടുംബത്തെയും മിസ് ചെയ്ത കാര്യം പറഞ്ഞുകൊണ്ടിരിക്കുമ്പോഴായിരുന്നു അവന്റെ ഫോൺ ബെൽ മുഴങ്ങിയത്.

മോളായിരുന്നു.

"എവിടെയെത്തി?"

അവളുടെ പരിഭവം അവന്റെ മുഖത്ത് ചിരിയായി പടർന്നു.

കുറച്ചുനേരം അവൻ അവളോട് സംസാരിച്ചു.

ഞാനും ചിരിച്ചു.

പക്ഷേ, എന്തുകൊണ്ടോ ആ ചിരിയുടെ അടിയിൽ ഒളിച്ചിരുന്ന എന്തോ ഒരു നനവ് എന്റെ മനസ്സിൽ തട്ടിനിന്നു.

വീടിനടുത്തെത്തി ഞാൻ വണ്ടി നിർത്തി.

ലഗേജുമെടുത്ത് ഞാൻ മുന്നിൽ നടന്നു.

കുത്തനെയുള്ള ചെറിയൊരു ഇറക്കം കഴിഞ്ഞുവേണം അവന്റെ വീട്ടിലെത്താൻ. റോഡ് സൗകര്യമില്ല. ചെറിയൊരു നടവഴി മാത്രം.

വീടിന്റെ മുന്നിലെത്തിയപ്പോൾ വാതിൽ അടഞ്ഞുകിടക്കുകയായിരുന്നു.

ആരെയും കാണാത്തതുകൊണ്ട് ഞാൻ ആകാംക്ഷയോടെ വീട്ടിലേക്ക് നോക്കി.

ജയൻ ഭാര്യയുടെ പേര് വിളിച്ചുകൊണ്ട് വാതിൽ തള്ളിത്തുറന്ന് അകത്തേക്ക് കയറി.

അൽപ്പസമയത്തിനുശേഷം അവൾ ചിരിച്ചുകൊണ്ട് പുറത്തേക്ക് വന്നു.

അവൻ അവളെ കണ്ടു.

അവൾ അവനെ കണ്ടു.

രണ്ടുപേരുടെയും കണ്ണുകളിൽ എന്തൊക്കെയോ പറയാതെ പറഞ്ഞുപോയി.

പക്ഷേ, മോളെ അവിടെ കണ്ടില്ല.

കുറച്ചുനിമിഷങ്ങൾക്കുശേഷം അവൻ അവളെയും കൂട്ടി പുറത്തേക്ക് വന്നു.

മകൾ അച്ഛനെ കെട്ടിപ്പിടിച്ച് എങ്ങലടിച്ചു കരയുകയായിരുന്നു.

രണ്ടുവർഷം.

അച്ഛനെ കാണാത്ത രണ്ടുവർഷം.

അച്ഛന്റെ സ്പർശനം ഏൽക്കാത്ത രണ്ടുവർഷം.

അച്ഛന്റെ മാറിന്റെ ചൂടറിയാത്ത രണ്ടുവർഷം.

ആ രണ്ടുവർഷത്തെ കാത്തിരിപ്പ് മുഴുവൻ അവളുടെ കണ്ണീരായി പുറത്തേക്ക് ഒഴുകുകയായിരുന്നു.

അവൾ അവനെ കൂടുതൽ മുറുകെ കെട്ടിപ്പിടിച്ചു.

അവൻ അവളുടെ മുടിയിൽ തലോടി.

ഒന്നും പറയുന്നുണ്ടായിരുന്നില്ല.

പറയേണ്ടതൊന്നും ഉണ്ടായിരുന്നില്ല.

ഞാൻ ജയനെ നോക്കി.

അവന്റെ മിഴികളിൽ രണ്ടു കണ്ണുനീർത്തുള്ളികൾ ഉരുണ്ടുകൂടിയിരുന്നു.

പുറത്തേക്ക് ഒഴുകാൻ മടിച്ചുനിൽക്കുന്ന ആ കണ്ണുനീർത്തുള്ളികളിൽ ഞാൻ കണ്ടത് ഒരു പ്രവാസിയുടെ രണ്ടു വർഷത്തെ ജീവിതമായിരുന്നു.

വീടിനുവേണ്ടി അകന്നുനിന്ന ഒരു അ

ച്ഛനെ...

മകൾക്കുവേണ്ടി തന്റെ സാന്നിധ്യം പോലും മാറ്റിവെച്ച ഒരാളെ...

തിരികെ വരാൻ ആഗ്രഹിച്ചിട്ടും വരാനാകാതെ പോയ ഒരാളെ...

ഞാൻ ഒന്നും പറഞ്ഞില്ല.

അവരോട് യാത്രപറയാനും തോന്നിയില്ല.

വെറുതെ തിരിഞ്ഞുനടന്നു.

പിറകിൽനിന്ന് ആ കുഞ്ഞിന്റെ കരച്ചിൽ അപ്പോഴും കേൾക്കുന്നുണ്ടായിരുന്നു.

"പ്രിയപ്പെട്ട കുട്ടീ...

നിന്റെ കണ്ണുനീരും അച്ഛനോടുള്ള അനിർവചനീയമായ സ്നേഹവും കണ്ടപ്പോൾ എന്റെ കണ്ണും മനസ്സും നിറഞ്ഞിരിക്കുന്നു.

എല്ലാ നന്മകളും നിനക്കുണ്ടാകട്ടെ.

ഈ അച്ഛന്റെ മകളായി ഒരുപാട് കാലം നീ ജീവിക്കട്ടെ..."

എന്റെ മനസ്സിൽ ഞാൻ പ്രാർത്ഥിച്ചു.

പുറത്ത് ആകാശത്ത് മഴക്കാറുകൾ കനത്തിരുന്നു.

മഴ പെയ്യുന്നതിനു മുമ്പേ

എന്റെ കണ്ണുകൾ നിറഞ്ഞൊഴുകിത്തുടങ്ങി.

*ബിനോജ്. സി. പി.*??????????

ജോലിയുമായി ബന്ധപ്പെട്ട യാത്രയിലായിരുന്നു ജയന്റെ ഫോൺ കോൾ എന്നെ തേടിയെത്തിയത്. ഒന്നുരണ്ട് മാസത്തെ ഇടവേളയ്ക്കു ശേഷമായിരുന്നു അപ്രതീക്ഷിതമായ ആ വിളി.

സ്ഥിരം ചോദ്യങ്ങളും കുശലാന്വേഷണങ്ങളും കഴിഞ്ഞപ്പോൾ അവൻ ചോദിച്ചു:

"നാളെ ഫ്രീയാണോ?"

ഞായറാഴ്ചയായതിനാൽ മറ്റൊന്നും ആലോചിക്കാതെ ഞാൻ പറഞ്ഞു:

"അതെ."

"നാളെ എയർപോർട്ടിൽ നിന്ന് എന്നെ പിക്ക് ചെയ്യണം. വൈകുന്നേരം നാലുമണിക്ക് എത്തും. ചെറിയൊരു ശാരീരിക ബുദ്ധിമുട്ടുണ്ട്. അതുകൊണ്ടാണ് എമർജൻസിയായി നാട്ടിലേക്ക് വരുന്നത്. വിശദമായി നാളെ നേരിൽ പറയാം."

അത്രയും പറഞ്ഞ് അവൻ ഫോൺ കട്ട് ചെയ്തു.

ഞാൻ കുറച്ചുനേരം അവനെക്കുറിച്ച് ഓർത്തിരുന്നു.

കുട്ടിക്കാലത്ത് അമ്മവീട്ടിൽ താമസമായിരുന്നതിനാൽ ആ നാട്ടിൽ എനിക്ക് ഒരുപാട് സൗഹൃദങ്ങളുണ്ടായിരുന്നു. അതിൽ ഏറ്റവും സജീവമായിരുന്ന ഒരാളായിരുന്നു ജയൻ.

ഉയരം കുറഞ്ഞ, അല്പം ഇരുണ്ട നിറവും ചുരുണ്ട മുടിയുമുള്ള ജയൻ ഞങ്ങളുടെ സൗഹൃദക്കൂട്ടായ്മയുടെ ഊർജമായിരുന്നു. ഗോട്ടികളിയിലും നീന്തലിലും അവനെ തോൽപ്പിക്കുക ഞങ്ങൾക്ക് എളുപ്പമായിരുന്നില്ല. കാനത്തെ കുളത്തിലും വടക്കേ കുളത്തിലും അവൻ ഞങ്ങളെ നിഷ്പ്രഭരാക്കിയിട്ടുണ്ട്. ക്രിക്കറ്റ് മൈതാനങ്ങളിൽ അവന്റെ ഫാസ്റ്റ് ബൗളിങ്ങിനു മുന്നിൽ പിടിച്ചുനിൽക്കാൻ കഴിയാതെ ഞങ്ങൾ പലപ്പോഴും പതറിയിട്ടുണ്ട്.

പക്ഷേ, പതിയെപ്പതിയെ എപ്പോഴോ അവൻ എല്ലാറ്റിൽനിന്നും പിൻവാങ്ങിത്തുടങ്ങി.

ജീവിതം കരുപ്പിടിപ്പിക്കാൻ ചെറിയ പ്രായത്തിൽ തന്നെ അവൻ പല വേഷങ്ങളും കെട്ടി.

പത്രം ഏജന്റായി.

നെയ്ത്തുകാരനായി.

പിക്കപ്പ് ലോറിയുടെ ക്ലീനറായി.

പെയിന്ററായി.

പാചകക്കാരനായി.

അങ്ങനെ ജീവിതത്തിന്റെ പല വേദികളിലും പല വേഷങ്ങളിൽ പകർന്നാടി ഒടുവിൽ പ്രവാസിയായി.

പലപ്പോഴും അവന്റെ കണ്ണുകളിൽ തെളിഞ്ഞിരുന്ന വിഷാദം എന്നെ തെല്ലൊന്നുമല്ല അലോസരപ്പെടുത്തിയിരുന്നത്. വലിയ പൊട്ടിച്ചിരികൾക്കു ശേഷമുള്ള അവന്റെ നീണ്ട മൗനങ്ങൾ പലപ്പോഴും എന്നെ അസ്വസ്ഥനാക്കിയിരുന്നു.

തമ്മിൽ കാണുമ്പോഴൊക്കെ ഒരുപാട് കാര്യങ്ങൾ സംസാരിക്കാനുണ്ടായിരുന്നു ഞങ്ങൾക്ക്.

ജീവിതത്തിലെ പ്രാരബ്ധങ്ങൾ...

ജോലിയില്ലാതെ അലഞ്ഞ ദിവസങ്ങൾ...

ശമ്പളമില്ലാതെ പണിയെടുക്കേണ്ടിവന്ന മാസങ്ങൾ...

നാട്ടിൽനിന്ന് അകലെയിരുന്ന് കുടുംബത്തിനായി ജീവിച്ച വർഷങ്ങൾ...

അങ്ങനെ പലതും.

സൗഹൃദത്തിലെന്നപോലെ ജോലിയി

ലും അവൻ ആത്മാർത്ഥനായിരുന്നു. വല്ലപ്പോഴുമൊക്കെയേ അവന്റെ ഫോൺകോളുകൾ എന്നെ തേടിയെത്താറുണ്ടായിരുന്നുള്ളൂ. പക്ഷേ, വിളികൾക്കിടയിലെ ഇടവേളകൾ ഒരിക്കലും ഞങ്ങളുടെ സൗഹൃദത്തിനിടയിൽ ദൂരം സൃഷ്ടിച്ചിരുന്നില്ല.

എന്തായിരിക്കും ഇത്ര പെട്ടെന്ന് നാട്ടിലേക്ക് തിരിച്ചുവരാൻ കാരണം?

ആ ചിന്ത കുറച്ചുനേരം എന്നെ അലോസരപ്പെടുത്തി.

എങ്കിലും, നാളെ നേരിൽ കാണാമല്ലോ എന്ന സമാധാനത്തിൽ ഞാൻ വണ്ടിയുടെ വേഗം കൂട്ടി.

---

പറഞ്ഞ സമയത്തേക്കാൾ അരമണിക്കൂർ മുമ്പേ ഞാൻ എയർപോർട്ടിലെത്തി.

പരിസരം ഒരുപാട് മാറിയിരുന്നു.

പുറത്ത് നല്ല തിരക്ക്.

വിഷാദമുഖങ്ങളുമായി മടക്കയാത്രയ്ക്കൊരുങ്ങുന്നവർ...

സന്തോഷത്തോടെ യാത്രപറയുന്നവർ...

പ്രിയപ്പെട്ടവരുടെ വരവും കാത്ത് അക്ഷമരായി നിൽക്കുന്ന ബന്ധുമിത്രാദികൾ...

തിരക്കിനിടയിലൂടെ ഓടിനടക്കുന്ന എയർപോർട്ട് ജീവനക്കാർ...

എത്രയോ തവണ ഞാനും അതിജീവനത്തിനായി ഇതുവഴി കടന്നുപോയിട്ടുണ്ട്. അത്രതന്നെ തവണ മടങ്ങിവന്നിട്ടുമുണ്ട്.

ആ തിരക്കിനിടയിൽ, ഓർമ്മകളുടെ തണുപ്പിലേക്ക് ഞാൻ മുഖം പൂഴ്ത്തി.

'പ്രവാസം' എന്ന ഒറ്റ വാക്കിനുള്ളിൽ ഒളിപ്പിച്ചുവച്ച മധുരനൊമ്പരങ്ങൾ ഓരോന്നായി ഒരു സിനിമയിലെ ദൃശ്യങ്ങൾപോലെ മനസ്സിൽ തെളിഞ്ഞുവന്നു.

നാടുവിട്ടുപോയ കാലം...

വീടിനെക്കുറിച്ചുള്ള ആകുലതകൾ...

പ്രിയപ്പെട്ടവരിൽനിന്നുള്ള അകലം...

തിരിച്ചുവരവിനായി എണ്ണിത്തീർത്ത ദിവസങ്ങൾ...

ഒടുവിൽ, ഇനി ഒരിക്കലും മടങ്ങിപ്പോകേണ്ടതില്ലെന്ന ആശ്വാസത്തോടെയായിരുന്നു ഞാൻ അവിടെ ഇരുന്നത്.

അപ്പോഴാണ്

'വിമാനം ലാൻഡ് ചെയ്തിരിക്കുന്നു..."

എന്ന അനൗൺസ്മെന്റ് കേട്ടത്.

ചിന്തകളുടെ ചരട് പൊട്ടിപ്പോയി.

കുറച്ചുനേരം കഴിഞ്ഞപ്പോൾ ഫോൺ വീണ്ടും മുഴങ്ങി.

"നീ പുറത്തുതന്നെ ഇല്ലേ?"

"ഉണ്ട്.'

അത്രയും പറഞ്ഞ് അവൻ ഫോൺ കട്ട് ചെയ്തു.

അല്പസമയത്തിനുശേഷം എമിഗ്രേഷൻ നടപടികൾ പൂർത്തിയാക്കി അവൻ പുറത്തേക്ക് വന്നു.

ഞങ്ങൾ പരസ്പരം കെട്ടിപ്പിടിച്ചു.

ഒരുപാട് വർഷങ്ങൾക്കുശേഷം കണ്ടുമുട്ടിയിട്ടും, ആ നിമിഷത്തിൽ വർഷങ്ങളുടെ അകലം ഒന്നുമില്ലാതായി.

ലഗേജും എടുത്ത് ഞങ്ങൾ വാഹനത്തിനടുത്തേക്ക് നടന്നു.

"ഒരു ചായ കുടിച്ചിട്ടാവാം യാത്ര," അവൻ ചിരിച്ചുകൊണ്ട് പറഞ്ഞു.

ഞാൻ തലയാട്ടി.

അവനെയും കൂട്ടി അടുത്തുള്ള ചെറിയ തട്ടുകടയിൽ കയറി.

"മധുരം കുറച്ച്... രണ്ട് ചായ."

ആവി പറക്കുന്ന ചായക്കപ്പുകൾക്കിടയിൽ അവൻ വീണ്ടും സംസാരിച്ചുതുടങ്ങി.

"കഴിഞ്ഞ രണ്ടാഴ്ചയായി ചെറിയൊരു നെഞ്ചുവേദനയുണ്ട്. ജോലി ചെയ്യാൻ ബുദ്ധിമുട്ടായി. അവിടെ ആശുപത്രിയിൽ കാണിച്ചു. നാട്ടിൽനിന്ന് ചികിത്സ എടുക്കുന്നതാണ് നല്ലതെന്ന് അവർ പറഞ്ഞു. അതുകൊണ്ടാണ് പെട്ടെന്ന് നാട്ടിലേക്ക് വരാൻ തീരുമാനിച്ചത്."

അവൻ ഒരു നിമിഷം നിശ്ശബ്ദനായി.

"നാളെ തന്നെ കാണിക്കണം. ലീവ് ഒരു മാസമേ ഉള്ളൂ. പെട്ടെന്ന് തിരിച്ചുപോകണം. ജോലി ഒക്കെ ഒന്ന് സെറ്റ് ആയി വരുന്നതേയുള്ളൂ. അപ്പോഴാണ് ഇങ്ങനെ ആയിപ്പോയത്."

ചായയിൽനിന്നൊരു ചെറുകുടി എടുത്ത ശേഷം അവൻ തുടർന്നു.

"രണ്ട് വർഷമായി ഇവിടെനിന്ന് പോയിട്ട്. അവിടെ കുറെ പൈസയൊക്കെ ചെലവായി. വീടിന്റെ കോൺക്രീറ്റ് കഴിഞ്ഞിട്ട് വരാമെന്നായിരുന്നു കരുതിയത്..."

അവന്റെ സംസാരം ഇടമുറിയാതെ പെയ്തുകൊണ്ടിരുന്നു.

വീടിന്റെ കോൺക്രീറ്റ്...

കടങ്ങൾ...

ജോലി...

ചികിത്സ...

പ്രവാസം...

കുടുംബം...

ജീവിതം...

എല്ലാം ആ ചെറിയ ചായക്കടയിലെ മേശയ്ക്കു ചുറ്റും അവൻ നിരത്തിവെച്ചു.

മോളെയും കുടുംബത്തെയും മിസ് ചെയ്ത കാര്യം പറഞ്ഞുകൊണ്ടിരിക്കുമ്പോഴായിരുന്നു അവന്റെ ഫോൺ ബെൽ മുഴങ്ങിയത്.

മോളായിരുന്നു.

“എവിടെയെത്തി?”

അവളുടെ പരിഭവം അവന്റെ മുഖത്ത് ചിരിയായി പടർന്നു.

കുറച്ചുനേരം അവൻ അവളോട് സംസാരിച്ചു.

ഞാനും ചിരിച്ചു.

പക്ഷേ, എന്തുകൊണ്ടോ ആ ചിരിയുടെ അടിയിൽ ഒളിച്ചിരുന്ന എന്തോ ഒരു നനവ് എന്റെ മനസ്സിൽ തട്ടിനിന്നു.

വീടിനടുത്തെത്തി ഞാൻ വണ്ടി നിർത്തി.

ലഗേജുമെടുത്ത് ഞാൻ മുന്നിൽ നടന്നു.

കുത്തനെയുള്ള ചെറിയൊരു ഇറക്കം കഴിഞ്ഞുവേണം അവന്റെ വീട്ടിലെത്താൻ. റോഡ് സൗകര്യമില്ല. ചെറിയൊരു നടവഴി മാത്രം.

വീടിന്റെ മുന്നിലെത്തിയപ്പോൾ വാതിൽ അടഞ്ഞുകിടക്കുകയായിരുന്നു.

ആരെയും കാണാത്തതുകൊണ്ട് ഞാൻ ആകാംക്ഷയോടെ വീട്ടിലേക്ക് നോക്കി.

ജയൻ ഭാര്യയുടെ പേര് വിളിച്ചുകൊണ്ട് വാതിൽ തള്ളിത്തുറന്ന് അകത്തേക്ക് കയറി.

അൽപ്പസമയത്തിനുശേഷം അവൾ ചിരിച്ചുകൊണ്ട് പുറത്തേക്ക് വന്നു.

അവൻ അവളെ കണ്ടു.

അവൾ അവനെ കണ്ടു.

രണ്ടുപേരുടെയും കണ്ണുകളിൽ എന്തൊക്കെയോ പറയാതെ പറഞ്ഞുപോയി.

പക്ഷേ, മോളെ അവിടെ കണ്ടില്ല.

കുറച്ചുനിമിഷങ്ങൾക്കുശേഷം അവൻ അവളെയും കൂട്ടി പുറത്തേക്ക് വന്നു.

മകൾ അച്ഛനെ കെട്ടിപ്പിടിച്ച് എങ്ങലടിച്ചു കരയുകയായിരുന്നു.

രണ്ടുവർഷം.

അച്ഛനെ കാണാത്ത രണ്ടുവർഷം.

അച്ഛന്റെ സ്പർശനം ഏൽക്കാത്ത രണ്ടു വർഷം.

അച്ഛന്റെ മാറിന്റെ ചൂടറിയാത്ത രണ്ടു വർഷം.

ആ രണ്ടുവർഷത്തെ കാത്തിരിപ്പ് മുഴുവൻ അവളുടെ കണ്ണീരായി പുറത്തേക്ക് ഒഴുകുകയായിരുന്നു.

അവൾ അവനെ കൂടുതൽ മുറുകെ കെട്ടിപ്പിടിച്ചു.

അവൻ അവളുടെ മുടിയിൽ തലോടി.

ഒന്നും പറയുന്നുണ്ടായിരുന്നില്ല.

പറയേണ്ടതൊന്നും ഉണ്ടായിരുന്നില്ല.

ഞാൻ ജയനെ നോക്കി.

അവന്റെ മിഴികളിൽ രണ്ടു കണ്ണുനീർത്തുള്ളികൾ ഉരുണ്ടുകൂടിയിരുന്നു.

പുറത്തേക്ക് ഒഴുകാൻ മടിച്ചുനിൽക്കുന്ന ആ കണ്ണുനീർത്തുള്ളികളിൽ ഞാൻ കണ്ടത് ഒരു പ്രവാസിയുടെ രണ്ടു വർഷത്തെ ജീവിതമായിരുന്നു.

വീടിനുവേണ്ടി അകന്നുനിന്ന ഒരു അച്ഛനെ...

മകൾക്കുവേണ്ടി തന്റെ സാന്നിധ്യം പോലും മാറ്റിവെച്ച ഒരാളെ...

തിരികെ വരാൻ ആഗ്രഹിച്ചിട്ടും വരാനാകാതെ പോയ ഒരാളെ...

ഞാൻ ഒന്നും പറഞ്ഞില്ല.

അവരോട് യാത്രപറയാനും തോന്നിയില്ല.

വെറുതെ തിരിഞ്ഞുനടന്നു.

പിറകിൽനിന്ന് ആ കുഞ്ഞിന്റെ കരച്ചിൽ അപ്പോഴും കേൾക്കുന്നുണ്ടായിരുന്നു.

“പ്രിയപ്പെട്ട കുട്ടീ...

നിന്റെ കണ്ണുനീരും അച്ഛനോടുള്ള അനിർവചനീയമായ സ്നേഹവും കണ്ടപ്പോൾ എന്റെ കണ്ണും മനസ്സും നിറഞ്ഞിരിക്കുന്നു.

എല്ലാ നന്മകളും നിനക്കുണ്ടാകട്ടെ.

ഈ അച്ഛന്റെ മകളായി ഒരുപാട് കാലം നീ ജീവിക്കട്ടെ...”

എന്റെ മനസ്സിൽ ഞാൻ പ്രാർത്ഥിച്ചു.

പുറത്ത് ആകാശത്ത് മഴക്കാറുകൾ കനത്തിരുന്നു.

മഴ പെയ്യുന്നതിനു മുമ്പേ

എന്റെ കണ്ണുകൾ നിറഞ്ഞൊഴുകിത്തുടങ്ങി.

●

# കൊങ്കണിയുടെ വഴികളിലൂടെ കേരളത്തിലേക്ക്:
## ഒരു ഭാഷയും ഒരു സംസ്കാരവും



V. Rajesh Mohan Rao
9895496435

ഒരു ഭാഷയുടെ ചരിത്രം അതിന്റെ വ്യാകരണത്തിലും നിഘണ്ടുവിലും മാത്രം ഒതുങ്ങുന്നില്ല. മനുഷ്യരുടെ യാത്രകളിലും കുടിയേറ്റങ്ങളിലും ഓർമ്മകളിലും ആരാധനാരീതികളിലും ഭക്ഷണത്തിലും കുടുംബബന്ധങ്ങളിലും അത് ജീവിക്കുന്നു. കൊങ്കണി ഭാഷയുടെ ചരിത്രവും അത്തരമൊരു യാത്രയുടെ ചരിത്രമാണ്. കൊങ്കൺ തീരത്ത് വേരുകളുള്ള ഈ ഭാഷ കാലത്തിന്റെ പല ഘട്ടങ്ങളിലായി ഗോവ, കർണാടക, കേരളം, മഹാരാഷ്ട്ര തുടങ്ങിയ പ്രദേശങ്ങളിലേക്ക് സഞ്ചരിച്ചു. അതുകൊണ്ടുതന്നെ കൊങ്കണിയെ ഒരു പ്രദേശത്തിന്റെ മാത്രം ഭാഷയായി കാണുന്നതിനേക്കാൾ, പല പ്രദേശങ്ങളെയും സംസ്കാരങ്ങളെയും ബന്ധിപ്പിക്കുന്ന ഒരു ഭാഷയായി കാണുന്നതാണ് ചരിത്രപരമായി കൂടുതൽ പ്രസക്തം.

കേരളത്തിലെ കൊങ്കണി സാന്നിധ്യത്തിനും ദീർഘമായ ചരിത്രമുണ്ട്. പ്രത്യേകിച്ച് കൊച്ചി ഉൾപ്പെടെയുള്ള തീരപ്രദേശങ്ങളിൽ കൊങ്കണി സംസാരിക്കുന്ന സമൂഹങ്ങൾ തലമുറകളായി ജീവിക്കുന്നു. വ്യാപാരവും കുടിയേറ്റവും സാമൂഹികബന്ധങ്ങളും ഈ സാന്നിധ്യത്തിന്റെ വളർച്ചയിൽ പ്രധാന പങ്കുവഹിച്ചു. കേരളത്തിൽ ജീവിക്കുമ്പോഴും സ്വന്തം ഭാഷയും ആചാരങ്ങളും സാംസ്കാരിക ഓർമ്മകളും നിലനിർത്തിയ സമൂഹങ്ങൾ മലയാളവുമായി സ്വാഭാവികമായൊരു സഹവർത്തിത്വവും സൃഷ്ടിച്ചു.

ഇവിടെ ഭാഷകൾ തമ്മിലുള്ള ബന്ധം ശ്രദ്ധേയമാണ്. മലയാളം കേരളത്തിന്റെ പൊതുഭാഷയായിരിക്കെ കൊങ്കണി സംസാരിക്കുന്ന കുടുംബങ്ങൾ സ്വന്തം മാതൃഭാഷയെ കുടുംബത്തിന്റെയും സമൂഹത്തിന്റെയും സാംസ്കാരിക ഓർമ്മയായി സംരക്ഷിച്ചു. മലയാളം പഠിക്കുകയും ഉപയോഗിക്കുകയും ചെയ്തുകൊണ്ടുതന്നെ കൊങ്കണി ഭാഷയോടുള്ള ബന്ധം നിലനിർത്തുന്ന തലമുറകൾ കേരളത്തിന്റെ ബഹുഭാഷാ സ്വഭാവത്തിന്റെ ഒരു ഉദാഹരണമാണ്. ഒരു ഭാഷ മറ്റൊരു ഭാഷയുടെ സാന്നിധ്യത്തെ ഇല്ലാതാക്കണമെന്നില്ല; പലപ്പോഴും അവ പരസ്പരം സ്വാധീനിക്കുകയും സഹവർത്തിക്കുകയും ചെയ്യുന്നു.

കൊങ്കണി ഭാഷയുടെ ആധുനിക ചരിത്രത്തിൽ ശ്രദ്ധേയമായ ഒരു ഘട്ടമാണ് 1992 ആഗസ്റ്റ് 20-ന് കൊങ്കണിക്ക് ഇന്ത്യൻ ഭരണഘടനയുടെ എട്ടാം പട്ടികയിൽ സ്ഥാനം ലഭിച്ചത്. ഭാഷയുടെ ഭരണഘടനാപരമായ അംഗീകാരം കൊങ്കണി സംസാരിക്കുന്ന ജനവിഭാഗങ്ങളുടെ ദീർഘകാല ഭാഷാ-സാംസ്കാരിക യാത്രയിലെ പ്രധാന അധ്യായമായി മാറി. ഭാഷയുടെ സംരക്ഷണം വെറും ഒരു സമൂഹത്തിന്റെ താൽപര്യമല്ല; ഇന്ത്യയുടെ ബഹുഭാഷാ പൈതൃകത്തെ സംരക്ഷിക്കുന്നതിന്റെ ഭാഗം കൂടിയാണ്.

ഈ ചരിത്രത്തിൽ കൊങ്കണി ഭാഷയ്ക്കും സാഹിത്യത്തിനും നൽകിയ സംഭാവനകളുടെ പേരിൽ ഓർക്കപ്പെടുന്ന വ്യക്തികളിൽ ഒരാളാണ് എൻ. പുരുഷോത്തമ മല്ല്യ. പണ്ഡിതൻ, എഴുത്തുകാരൻ, കവി, ചരിത്രാന്വേഷകൻ എന്നീ നിലകളിൽ അദ്ദേഹം കൊങ്കണി ഭാഷയുടെയും സംസ്കാരത്തിന്റെയും പഠനത്തിന് സംഭാവന നൽകി. പത്മശ്രീ പുരസ്കാരവും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. കൊങ്കണി ഭാഷയെയും അതിന്റെ സാഹിത്യപാരമ്പര്യത്തെയും വിശാലമായ ഇന്ത്യൻ സാംസ്കാരിക പശ്ചാത്തലത്തിൽ അവതരിപ്പിച്ച വ്യക്തിത്വമായി മല്ല്യയെ ഓർക്കാം.

പുരുഷോത്തമ മല്ല്യയുടെ ജീവിതവും പ്ര

വർത്തനവും ഓർക്കുമ്പോൾ ഒരു പ്രധാന ചോദ്യവും ഉയരുന്നു: ഒരു ഭാഷയുടെ നിലനിൽപ്പ് എവിടെയാണ്? അത് പുസ്തകങ്ങളിലാണോ, സ്ഥാപനങ്ങളിലാണോ, അതോ സംസാരിക്കുന്ന മനുഷ്യരുടെ ദൈനംദിന ജീവിതത്തിലാണോ? യഥാർത്ഥത്തിൽ ഇവ മൂന്നും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഭാഷ സംസാരിക്കുന്ന കുടുംബങ്ങൾ ഇല്ലെങ്കിൽ പുസ്തകങ്ങൾ മാത്രം ഭാഷയെ ജീവനോടെ നിലനിർത്തുകയില്ല. സാഹിത്യവും രേഖപ്പെടുത്തലും ഇല്ലെങ്കിൽ അടുത്ത തലമുറയ്ക്ക് ഭാഷയുടെ ചരിത്രം കൈമാറാനും പ്രയാസമാകും.

കേരളത്തിന്റെ സാംസ്കാരിക ചരിത്രം പരിശോധിക്കുമ്പോൾ ഇത്തരം ബഹുഭാഷാ സാന്നിധ്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മലയാളം കേരളത്തിന്റെ പ്രധാന ഭാഷയായിരിക്കുമ്പോഴും ഇവിടെ തമിഴ്, കന്നഡ, കൊങ്കണി, തുളു തുടങ്ങിയ ഭാഷകൾക്കും ചരിത്രപരമായ സാന്നിധ്യമുണ്ട്. ഇവയെല്ലാം ചേർന്നാണ് കേരളത്തിന്റെ സാംസ്കാരിക ഭൂപടം കൂടുതൽ വൈവിധ്യമാർന്നതാകുന്നത്.

കൊങ്കണി സമൂഹത്തിന്റെ ഉത്സവങ്ങൾ, ക്ഷേത്രപരമ്പരകൾ, കുടുംബാചാരങ്ങൾ, ഭക്ഷണരീതികൾ, സംഗീതം, സാഹിത്യം എന്നിവയിൽ അവരുടെ ചരിത്രത്തിന്റെ പല പാളികളും കാണാം. ഗോവയിൽ നിന്ന് കർണാടകയിലേക്കും കേരളത്തിലേക്കുമുള്ള ചരിത്രപരമായ മനുഷ്യയാത്രകളുടെ ഓർമ്മകളും ഈ സംസ്കാരത്തിൽ നിലനിൽക്കുന്നു. അതുകൊണ്ട് കൊങ്കണി സംസ്കാരത്തെ പഠിക്കുന്നത് ഒരു ഭാഷയെ മാത്രം പഠിക്കുന്നതല്ല; ഇന്ത്യയുടെ തീരദേശ സമൂഹങ്ങളുടെ സഞ്ചാരചരിത്രത്തെയും മനസ്സിലാക്കുന്നതാണ്.

മലയാളത്തിനും കൊങ്കണിക്കും തമ്മിലുള്ള ബന്ധം ഈ പശ്ചാത്തലത്തിൽ കൂടുതൽ ശ്രദ്ധേയമാണ്. കേരളത്തിൽ തലമുറകളായി ജീവിക്കുന്ന കൊങ്കണി കുടുംബങ്ങൾക്ക് മലയാളം അവരുടെ സാമൂഹിക ജീവിതത്തിന്റെ ഭാഗമായപ്പോൾ, കൊങ്കണി അവരുടെ കുടുംബ-സാംസ്കാരിക ഓർമ്മയുടെ ഭാഷയായി തുടരുന്നു. ഈ ഇരട്ടബന്ധം ഭാഷകൾ തമ്മിലുള്ള മത്സരം എന്നതിലുപരി സഹവർത്തിത്വത്തിന്റെ ഉദാഹരണമായി കാണാം.

ഇന്ന് ഡിജിറ്റൽ കാലഘട്ടം ചെറിയ ഭാഷകൾക്ക് പുതിയ അവസരങ്ങളും പുതിയ വെല്ലുവിളികളും ഒരേസമയം നൽകുന്നു. പഴയ പുസ്തകങ്ങളും കൈയെഴുത്തുപ്രതികളും ശേഖരിക്കുന്നതിനൊപ്പം ഡിജിറ്റൽ ആർക്കൈവുകൾ, ഓൺലൈൻ മാസികകൾ, ഇ-പുസ്തകങ്ങൾ, സോഷ്യൽ മീഡിയ, ഭാഷാ പഠന പ്ലാറ്റ്ഫോമുകൾ എന്നിവയും ഉപയോഗപ്പെടുത്തേണ്ടതുണ്ട്. യുവതലമുറ ഭാഷ സംസാരിക്കുകയും വായിക്കുകയും എഴുതുകയും ചെയ്യുമ്പോഴാണ് ഒരു ഭാഷയുടെ ഭാവി കൂടുതൽ ഉറപ്പാകുന്നത്.

കൊങ്കണിയുടെ കഥ കേരളത്തിന്റെ കഥയുമായി ചേർത്ത് വായിക്കുമ്പോൾ ഒരു വലിയ സത്യമാണ് മുന്നിലെത്തുന്നത്: കേരളത്തിന്റെ സംസ്കാരം ഏകഭാഷാ സംസ്കാരമല്ല. പല ഭാഷകളും പല സമൂഹങ്ങളും പല ചരിത്രങ്ങളും ഇവിടെ പരസ്പരം ചേർന്നാണ് ഇന്നത്തെ കേരളത്തെ രൂപപ്പെടുത്തിയത്.

അതുകൊണ്ട് കൊങ്കണിയെ സംരക്ഷിക്കുന്നത് ഒരു ചെറിയ ഭാഷയെ മാത്രം സംരക്ഷിക്കുന്ന കാര്യമല്ല. മനുഷ്യരുടെ യാത്രകളെയും ഓർമ്മകളെയും സാംസ്കാരിക വൈവിധ്യത്തെയും സംരക്ഷിക്കുന്ന പ്രവർത്തനമാണ്. പുരുഷോത്തമ മല്ല്യയെപോലുള്ള ഭാഷാപ്രവർത്തകരുടെ സംഭാവനകൾ ഓർക്കുമ്പോൾ, അടുത്ത തലമുറയിലേക്ക് ഭാഷ കൈമാറാനുള്ള ഉത്തരവാദിത്വവും നമ്മൾ ഓർക്കേണ്ടതുണ്ട്.

ഒരു ഭാഷയുടെ യാത്ര ഒരിക്കലും അവസാനിക്കുന്നില്ല. മനുഷ്യർ സഞ്ചരിക്കുന്നിടത്തോളം ഭാഷകളും സഞ്ചരിക്കും. കൊങ്കണി കേരളത്തിലെത്തിയതും ഇവിടെ വേരൂന്നിയതും അത്തരമൊരു ദീർഘയാത്രയുടെ ഭാഗമാണ്. മലയാളത്തിന്റെ മണ്ണിൽ കൊങ്കണി അതിന്റെ സ്വന്തം സ്വരവുമായി നിലനിൽക്കുന്നത് കേരളത്തിന്റെ ബഹുസ്വര സാംസ്കാരിക പൈതൃകത്തിലെ മനോഹരമായ ഒരു അധ്യായം തന്നെയാണ്.

●

ലേഖനം

# നഷ്ടപ്പെടുന്ന ലാളിത്യവും, വഴിതെറ്റുന്ന യൗവനവും: തലമുറകളുടെ മാറ്റം നൽകുന്ന ആശങ്കകൾ




**കാ**ലത്തിന്റെ കുത്തൊഴുക്കിൽ ഓർമ്മകളുടെ തീരത്തടിഞ്ഞുപോയ എൺപതുകളുടെയും തൊണ്ണൂറുകളുടെയും സുവർണ്ണ കാലഘട്ടവും, ആധുനികതയുടെ അതിവേഗ പാതയിലൂടെ പായുന്ന ഇന്നത്തെ ജെൻ-സി തലമുറയും തമ്മിലുള്ളത് ആകാശവും ഭൂമിയും തമ്മിലുള്ള അന്തരം പോലെ വലിയൊരു സാംസ്കാരിക വ്യത്യാസമാണ്. ആ കാലഘട്ടം സൗഹൃദങ്ങളുടെയും ലാളിത്യത്തിന്റെയും സുഗന്ധം പരത്തിയതായിരുന്നുവെങ്കിൽ, ഇന്നത്തെ കാലം സാങ്കേതികവിദ്യയുടെയും ഡിജിറ്റൽ ഭ്രമങ്ങളുടെയും പൊള്ളയായ മായാലോകമാണ്.

അന്നത്തെ കാലത്ത് പോക്കറ്റിൽ ചില്ലിക്കാശില്ലെങ്കിലും മനസ്സിൽ സ്നേഹത്തിന്റെ വലിയൊരു സാമ്രാജ്യം തന്നെയുണ്ടായിരുന്നു. സാമ്പത്തികമായ ദാരിദ്ര്യവും ഭൗതിക സൗകര്യങ്ങളുടെ പരിമിതികളും അന്ന് മനുഷ്യരെ വേദനിപ്പിച്ചിരുന്നെങ്കിലും, പരസ്പരമുള്ള കരുതലും ഒത്തൊരുമയും ആ കഷ്ടപ്പാടുകളെല്ലാം എളുപ്പത്തിൽ മറികടക്കാൻ സഹായിച്ചു. സാങ്കേതികവിദ്യയുടെ അമിതഭാരമില്ലാത്ത ആ കാലത്ത് സായാഹ്നങ്ങളിൽ കൂട്ടുകാർ ഒത്തുകൂടുന്ന വായനശാലകളും, ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബുകളും, അങ്ങാടിയിലെ ചെറിയ ചായക്കടകളും യഥാർത്ഥ മനുഷ്യബന്ധങ്ങളുടെ നേർക്കാഴ്ചകളായിരുന്നു.

കത്തുകളിലെ വരികൾക്കപ്പുറം മുഖാമുഖം നോക്കി സംസാരിച്ചും, ഒരുപിടി നല്ല ഓർമ്മകൾ പങ്കുവെച്ചും അവർ ജീവിതം ആസ്വദിച്ചു. അന്ന്



**കമാൽ റഫീഖ്**
9846249553

കാത്തിരിപ്പുകളിൽ പോലും ഒരു സുഖമുണ്ടായിരുന്നു.

എന്നാൽ, ഇന്നത്തെ ജെൻ-സി കാലഘട്ടം ഒരു ദിശയും ലക്ഷ്യവുമില്ലാതെ വഴിതെറ്റി നടക്കുന്ന ഒരു കപ്പലിനെ പോലെയാണ്. വിരൽത്തുമ്പിൽ ലോകം മുഴുവൻ കീഴടക്കാനുള്ള അനന്തമായ സൗകര്യങ്ങളും സാങ്കേതിക വിദ്യകളും ലഭ്യമായിട്ടും, ഈ തലമുറ വെർചൽ ലോകത്തിന്റെ തടവുകാരായി മാറി എന്നത് കാലഘട്ടത്തിന്റെ ഏറ്റവും വലിയ ദുരന്തമാണ്.



സോഷ്യൽ മീഡിയയുടെ അടിമകളായി മാറിയ ഒരു വലിയ വിഭാഗം യുവജനങ്ങൾ, ലൈക്കുകൾക്കും വ്യൂസിനും വേണ്ടി തങ്ങളുടെ മാനവും ജീവനും പോലും പണയം വെച്ച് എന്തതിക്രമവും ചെയ്യാൻ മടിക്കാത്ത അവസ്ഥയിലാണിന്ന്. റീൽസുകളുടെയും വൈറൽ ഭ്രാന്തിന്റെയും പിന്നാലെയുള്ള ഈ നെട്ടോട്ടം അവരെ യാഥാർത്ഥ്യബോധമില്ലാത്ത ഒരു മായക്കാഴ്ചയിലേക്ക് തള്ളിവിട്ടിരിക്കുന്നു.

ഇതിന് പുറമെയാണ് നമ്മുടെ കേരളത്തിന്റെ യൗവനത്തെ വേരോടെ പിഴുതെറിയുന്ന ലഹരിയുടെ കരാളഹസ്തങ്ങൾ. ജീവിതത്തിലെ ചെറിയ പ്രയാസങ്ങളെപ്പോലും നേരിടാൻ മാനസിക കരുത്തില്ലാത്തതുകൊണ്ട്, ലഹരിയെ അഭയകേന്ദ്രമായി കാണുന്ന പുതിയൊരു വിഭാഗം സമൂഹത്തിന് വലിയൊരു ഭീഷണിയായി വളർന്നുകൊണ്ടിരിക്കുന്നു.

ആഘോഷങ്ങളിലും കൂട്ടായ്മകളിലും തുടങ്ങി പിന്നീട് ജീവിതത്തിന്റെ സർവ്വനാശത്തിലേക്ക് വഴിമാറുന്ന ഈ ദുശ്ശീലം നമ്മുടെ വരുംതലമുറയുടെ ഭാവിയെക്കുറിച്ചുള്ള ആശങ്കകൾ വർദ്ധിപ്പിക്കുന്നു. സാമ്പത്തികമായി നാം ഏറെ മുന്നേറിയെങ്കിലും, ധാർമ്മിക മൂല്യങ്ങളുടെ കാര്യത്തിൽ നാം കടുത്ത ദാരിദ്ര്യത്തിലൂടെയാണ് കടന്നുപോകുന്നത്.

കാലം എത്ര മാറിയാലും പഴയ കാലഘട്ടത്തിന്റെ നന്മകളെയും മനുഷ്യസ്നേഹത്തെയും പൂർണ്ണമായി വിസ്മരിക്കാൻ നമുക്ക് സാധിക്കില്ല. ആധുനിക സൗകര്യങ്ങളെ അതിന്റെ പരിധികളിൽ നിന്ന് ഉപയോഗിച്ചുകൊണ്ട്, സാങ്കേതികവിദ്യയുടെ അടിമകളാകാതെ ജീവിക്കാൻ പുതിയ തലമുറയെ പ്രാപ്തരാക്കേണ്ടത് കാലഘട്ടത്തിന്റെ അത്യാവശ്യമാണ്. അതിനായി കുടുംബങ്ങളിലും വിദ്യാലയങ്ങളിലും സ്നേഹത്തിന്റെയും ധാർമ്മികതയുടെയും പാഠങ്ങൾ വീണ്ടും പകർന്നുനൽകേണ്ടതുണ്ട്. എങ്കിൽ മാത്രമേ നഷ്ടപ്പെട്ടുപോയ നമ്മുടെ ആ പഴയ കേരളീയ തനിമയെയും സൽസ്വഭാവമുള്ള യുവതലമുറയെയും നമുക്ക് തിരികെ പിടിക്കാൻ സാധിക്കൂ. ●




### കുട്ടികളുടെ മഷിപ്പച്ച പംക്തിയിലേക്ക് എഴുത്തുവഴിയിലെ

# പുതുനാമ്പുകൾക്ക് സ്വാഗതം

**സ്നേ**ഹത്തിന്റെ മഞ്ഞുതുള്ളിയായി ഈ വാക്കുകൾ, നിങ്ങളിൽ നിറയ്ക്കുക, എന്ന സദുദ്ദേശ്യത്തോടെ  മഷിപ്പച്ച മാസികയിലെ ബാലപംക്തിയുടെ ദളങ്ങൾ നിങ്ങളുടെ മുന്നിൽ വിടർത്തുന്നു. ഇതിലെ ഓരോ വരികളും ഓരോ ചിത്രവും മുന്നോട്ടുള്ള, നിങ്ങളുടെ ജീവിതത്തിന് കരുതലും പ്രചോദനവുമാകട്ടെ...

കനിവിന്റെ ബാലപാഠങ്ങൾ,  നന്മയുടെ വിളനിലങ്ങൾ, എന്നിവ അക്ഷരങ്ങളിലൂടെ ചേർത്തുവച്ച്  മുന്നോട്ടു നയിക്കാൻ കുട്ടികളുടെ മഷിപ്പച്ച എന്ന ഈ പംക്തിക്ക് കഴിയുമെന്ന് പ്രതീക്ഷയുണ്ട്.

'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന കവി വാക്യത്തിൽ നിന്ന് തന്നെ നമുക്ക് ആരംഭിക്കാം. മുന്നിൽ കാണുന്ന എല്ലാ സഹജീവികളെയും സ്നേഹത്തോടെയും കരുണയോടെയും ഇഷ്ടത്തോടെയും ചേർത്തുവച്ച്, മുന്നോട്ടുപോകാൻ എന്റെ കുരുന്നുകൾക്ക് ആകട്ടെ, നന്മയുടെ പൂവാടിയിൽ നിങ്ങൾ വിതറുന്ന  ഓരോ ചെറിയ  വിത്തുകളും മരമായും പൂവായും കായായും ഭൂമിക്ക് തണലേകട്ടെ... മാനവരാശിക്ക് അനശ്വര  മാതൃകയാവട്ടെ...

കുട്ടികളുടെ  മഷിപ്പച്ച വായിക്കുന്ന നിങ്ങളിൽ, തിരിച്ചറിവിന്റെ നനുത്ത പൂക്കൾ വിടരട്ടെ...

ഇനി മുന്നോട്ടുള്ള ജീവിതത്തിൽ ഈ അക്ഷരക്കൂട്ടുകൾ നിങ്ങൾക്ക് തുണയാവട്ടെ..  വളർന്നു വലുതാവുമ്പോൾ വന്ന വഴികൾ മറക്കാതിരിക്കുക... മറ്റുള്ളവർക്ക് മാർഗദീപങ്ങൾ ആവുക...  ഭൂമിയിലെ വിലയേറിയ മുത്തുകളാവുക... നമുക്കൊരുമിച്ച് മുന്നേറാം.

*** *** ***

**മ**ഷിപ്പച്ച മാസികയിൽ, 15 വയസിനു താഴെയുള്ളവരുടെ രചനകളാണ്  ഉൾപ്പെടുത്തുക. 94462 30972 എന്ന നമ്പറിൽ രചനകൾ വാട്സപ്പ് അയക്കാം. mashippachamasika@gmail.com എന്ന  ഐഡിയിലേക്ക് ഇമെയിൽ ആയും രചനകൾ അയക്കാം.

കവിത /കഥ / യാത്രാവിവരണങ്ങൾ / ചിത്രങ്ങൾ / അനുഭവക്കുറിപ്പുകൾ / എന്നിവ ചെറിയ രചനകൾ ആയി പഠിക്കുന്ന ക്ലാസ് / സ്കൂൾ / ഫോൺനമ്പർ സഹിതം അയക്കുക

**അശോകേട്ടൻ**
എഡിറ്റർ,
കുട്ടികളുടെ മഷിപ്പച്ച
94462 30972

കഥ.

## സമൃദ്ധിയുടെ കീശ

കനത്ത നോട്ടുക്കെട്ടുകൾ നിറഞ്ഞു തുളുമ്പി,
കയ്യിലിരിക്കുന്നൊരു പൊന്നുകീശ;
സമ്പത്തിന്റെ പെരുമ വിളിച്ചോതുന്ന,
എപ്പോഴും ചിരിക്കുന്ന ഭാഗ്യകീശ!

ആഗ്രഹിച്ചതൊക്കെയും വാങ്ങിക്കുവാൻ,
അടിയുറച്ചു നിൽക്കുന്ന കൂട്ടുകാരൻ;
എണ്ണിയാൽ തീരാത്ത സമ്പത്തതൊത്ത്,
ഉള്ളിൽ നിറയെ സന്തോഷപ്രവാഹം.

ആവശ്യങ്ങൾക്കപ്പുറം ധന്യമായ് വാഴാൻ,
അവകാശിയാക്കി നമ്മെ മാറ്റുന്നവൻ;
ആധികളില്ലാതെ, ഭയമൊന്നുമില്ലാതെ,
ആത്മവിശ്വാസം പകരുന്ന പണച്ചെപ്പ്.

വരവിന്റെ വഴികൾ വിശാലമാകുമ്പോൾ,
ചിരിയുടെ മാധുര്യം ഇരട്ടിക്കുന്നു;
കൊടുത്താലും തീരാത്ത നിധിയതുപോലെ,
കീശയും വീർത്തുയർന്നു നിൽക്കുന്നു!

**മുഹമ്മദ് മുണ്ടക്കോട്**
+ 1
AM അദിൻ സ്കൂൾ ഓഫ്
എക്സലൻസ്

കവിത

## തിരകൾ

തിരകൾ പതിഞ്ഞൊരാ കണ്ണുകൾ രണ്ടും
ഒരു മാത്ര മിന്നി വിടർത്തവെ
പാട്ടു പാടുന്നു എൻ മനസ്സിലെപ്പൊഴും
തിരമാല പോലെ എൻ ചിന്തകൾ
ഒഴുകുന്നു അവയും
ഇനിയെൻ ഹൃദയതുടിപ്പു മാത്രം

**ആരാധ്യ വർമ്മ സി.കെ**
7 A
Anmmups തളി

## Love

What is love?
Love is a language.
A language which does not have words, but many dialects.

*A language which no one truly learns, but*
*already knows by birth,*
*a language which isn't* *spoken aloud, yet*
*somehow gets imprinted upon the heart.*

*A language which doesn't die with a man,* *but continues to live in the memories of his kith and kin.*

*A language that would continue to exist until the last drop of humanity gets burned in the wildfire of hatred,*
*hatred-which man was not born with, but inherited.*

*A language which will not die,*
*but will be murdered.*

**Gayathri Gopakumar**
Plus Two
GBHSS Wadakkanchery

കവിത.

## ജീവിതം

വർഷങ്ങളായി ബന്ധം-
നിമിഷങ്ങളാൽ തകർന്നു,
നാവിൻ ചതി ഇരുട്ടിലാക്കി
പണത്തിന് മൂല്യം മനസ്സിലാക്കി,

ചെറുപുഞ്ചിരിയോടെ കുഞ്ഞുങ്ങളുടെ-
മുഖത്തേക്ക്,
ആ ദിനങ്ങളെ സ്മരിക്കാം

കാലത്തെ തിരിച്ചു വിളിച്ചു-
പോയവർ വന്നില്ല,
സന്തോഷിക്കുമ്പോൾ ഓർത്തില്ല
ഈ ഒറ്റയാൻ ജീവിതത്ത

**മുഹമ്മദ് അശ്മിൽ**
10th Std
SIGN IAFS



**ആരാധ്യ വർമ്മ സി.കെ**
7 A, Anmmups തളി



**ആരോഹി.ജെ**
2- ക്ലാസ് A M U P SCHOOL PARAKKAL

 

റിദാ ഫാത്തിമ. N, 5.B
ASMMHSS ALATHUR





ഗായത്രി കെ.എം
5th std
BSS ഗുരുകുലം സ്കൂൾ
ആലത്തൂർ







ഭദ്ര.എസ്, 8.C
സി എം ജി എച്ച് എസ്
കുറ്റൂർ